# ഭാരതീയ ആത്മീയതയ്ക്കൊരു ആധുനിക ശാസ്ത്രവിവരണം

## 15

ഡോ: എൻ. ഗോപാലകൃഷ്ണൻ Ph.D., D.Litt

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്

തിരുവനന്തപുരം – 695 018

Heritage Publication Series - 81

Scanned with CamScanner

# ഭാരതീയ ആത്മീയതയ്ക്കൊരു ആധുനിക ശാസ്ത്രവിവരണം

ഡോ: എൻ. ഗോപാലകൃഷ്ണൻ Ph.D., D.Litt

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്

തിരുവനന്തപുരം – 695 018

Heritage Publication Series - 81

Scanned with CamScanner

ഭാരതീയ ആത്മീയതയ്ക്കൊരു ആധുനിക ശാസ്ത്ര വിവരണം

**Dr. N. Gopalakrishnan**
M.Sc (Pharm), M.Sc (Chem), M.A. (Soc), Ph.D. (Chem); D.Lit
(Scientist & Hon. Director IISH)

**Indian Institute of Scientific Heritage (IISH)**
**Registered Charitable Trust 328/99/IV**
Ushus, Estate Road, Pappanamcode
Trivandrum - 695 018 (Ph. 2490149)
www.iish.org

**Rs. 20/-**

*Printed at:*

Sree Printers (DTP, Offset & Screenprinting)
Ind. Estate, Pappanamcode, TVM - 19, Ph. 2490135

Scanned with CamScanner

# DHANYATHMAN

IISH is spreading the messages of our motherland through our publications in the PDF format to all our well-wishers. Your support for the mission is welcome.

**Details of the bank account**

Beneficiary : IISH Trivandrum
Ac No : 57020795171
IFSC : SBIN0070030
Bank : SBI industrial estate, papanamcode Trivandrum-19

*In the service of the motherland and dharma*

***IISH Publication Team***

Scanned with CamScanner

ഒരഞ്ചു നൂറ്റാണ്ടുകൾക്കു മുമ്പുവരെ, ആധുനിക ശാസ്ത്രം വിളഞ്ഞു വികസിച്ചു എന്നു നാം വിശ്വസിക്കുന്ന പാശ്ചാത്യമണ്ണിലെ ശാസ്ത്രവിജ്ഞാനശാഖകളുടെ അവസ്ഥയെന്തായിരുന്നു എന്നറിയേണ്ടേ? ഭൂമി പരന്നതാണ്! ഭൂമിക്കുചുറ്റുമാണ് സൂര്യനും മറ്റു ഗോളങ്ങളും പ്രദക്ഷിണം വെക്കുന്നത്! ലോകത്തിലെ എല്ലാ മനുഷ്യനും ആദത്തിൽ നിന്നും ഹവ്വയിൽ നിന്നുമുണ്ടായി. ആദത്തേയും ഹവ്വയേയും ബി.സി. 4112 ഒക്ടോബർ മാസത്തിൽ ദൈവം സൃഷ്ടിച്ചു! ഭൂമുഖത്ത് സാത്താൻ ദൈവത്തിനെതിരെ എന്നും പ്രവർത്തിക്കുന്ന ശക്തികേന്ദ്രമായിരുന്നു! മറ്റേതൊരു മതത്തിൽ വിശ്വസിച്ചാലും അന്ത്യനാളുകളിൽ ഘോരനരകത്തിൽ പതിക്കും ...... ഇതെല്ലാം നിലനിന്നിരുന്ന ഇംഗ്ലണ്ടിലും യൂറോപ്യൻ രാജ്യങ്ങളിലും ശാസ്ത്രമോ, പുതിയതായിട്ടെന്തിങ്കിലുമോ പറഞ്ഞാൽ ക്രൂരമായി മർദ്ദിക്കുക, കയറുകൊണ്ട് വരിഞ്ഞ് കെട്ടി തീയിലിട്ടുകൊല്ലുക, കഴുത്തറക്കുക, കുരിശിലേറ്റുക, നഖം പിഴിതെടുക്കുക, നഖത്തിനടിയിൽ സൂചിതറയ്ക്കുക, തിളക്കുന്ന എണ്ണയൊഴിക്കുക എന്നീ ക്രൂരശിക്ഷകൾ നൽകിയിരുന്നു. ബൈബിളിനെതിരെ അല്ലെങ്കിൽ ബൈബിളിലെ ദൈവത്തിനെതിരെ പറഞ്ഞു / പറയുന്നു എന്നു മുദ്രകുത്തിയാണ് ഈ പീഠനങ്ങളെല്ലാം! ഇപ്രകാരത്തിലുള്ള ക്രൂരത ഒരുവശത്തും, കഠിനമായ അന്ധവിശ്വാസം മറ്റൊരുവശത്തും. അന്ധവിശ്വാസ ജഢിലമായ പാശ്ചാത്യജീവിതത്തിലെ അനേകായിരം സംഭവങ്ങൾ വിവരിക്കുവാൻ സാധിക്കും. അനവധി ക്രൈസ്തവപുണ്യവാളന്മാർക്ക് സെയിന്റ് സ്ഥാനം ലഭിച്ചത് മറ്റു മതക്കാരെ ക്രൂരമായി പീഢിപ്പിച്ചും, നശിപ്പിച്ചും അവരുടെ ആരാധനാലയങ്ങൾ തകർത്തും കൃസ്തുമതം പ്രചരിപ്പിച്ചതിനു മാത്രമായിരുന്നു.

ഗോവയിലെ സെയിന്റ് ഫ്രാൻസിസ് സേവ്യർ ചെയ്തത് എന്താണെന്ന് ഈശോസഭാമേധാവിയായിരുന്ന സേവ്യറെ ഉദ്ധരിച്ചുകൊണ്ട് ജോസഫ് പുലിക്കുന്നേൽ, ഇപ്രകാരമെഴുതുന്നു. "ഞാൻ ജനങ്ങളെ മാമോദീസ മുക്കിയതിനുശേഷം അവരുടെ അമ്പലങ്ങൾ കത്തിക്കാനാജ്ഞാപിച്ചു. അവർ ഇപ്പോൾ കൃസ്ത്യാനിയാകായാൽ, അവരുടെ ബിംബങ്ങളെ തകർത്തു തരിപ്പണമാക്കേണ്ടതുണ്ട്. ഇങ്ങിനെ അവരെ കൊണ്ടു ചെയ്യിക്കുന്നതിൽ എന്റെ ആത്മാവിനുണ്ടാകുന്ന സംതൃപ്തിയെക്കുറിച്ച് എനിക്ക് പറഞ്ഞവസാനിപ്പിക്കാനാവില്ല. ഒരു ഗ്രാമത്തിൽ ഇതു ചെയ്തതിനുശേഷം ഞാനടുത്ത ഗ്രാമത്തിലേക്കു പോകും അങ്ങിനെ ഞാൻ കൃസ്ത്യാനികളെ സൃഷ്ടിക്കും."(Letters and Instruments of Francis Xavier) മറ്റൊരിടത്ത് ഈ പുണ്യവാളൻ ഇങ്ങനെ എഴുതുന്നു "ഞാൻ ഗ്രാമത്തിലെ കുട്ടികളെക്കൊണ്ട് അവരുടെ പിതാ



Scanned with CamScanner

മഹന്മാർ ബഹുമാനിച്ചിരുന്ന ബിംബങ്ങളെ തല്ലിത്തകർക്കും പിന്നീട് അവയിൽ തുപ്പും, ചവിട്ടും, പറയാൻ പാടില്ലാത്തവിധം അപമാനിക്കും.'' ഇതാണ് പുണ്യവാളനാക്കി ഉയർത്താൻ ഫ്രാൻസിസ് സേവ്യർ (ഗോവയിൽ) ചെയ്തത്. ഇതുപോലെ അരോചകമായ കദനചരിത്രങ്ങൾ പറയുന്ന അനവധി സംഭവങ്ങൾ യൂറോപ്പിൽ നടന്നിട്ടുണ്ട്. കൃസ്തുവിന്റെ ദയാപുണ്യം പ്രചരിപ്പിക്കാൻ വേണ്ടി അതിനു നേതൃത്വം നൽകിയവരിൽ പലർക്കും പുണ്യവാളസ്ഥാനം ലഭിച്ചു.

പാശ്ചാത്യ അന്ധവിശ്വാസത്തിന് മൂന്നാമതൊരു ശാഖയുണ്ട്. അതിലൊന്ന് ചെറിയ ചരിത്ര സംഭവത്തിലൂടെ വിവരിക്കാം. ഭാരതത്തിലേക്ക് കടൽ മാർഗം എത്തിച്ചേരാനുള്ള യാത്രയാരംഭിച്ച കൊളംബസ്, തന്റെ സഹായികളുമായി അനേകം ദിവസം യാത്ര ചെയ്തു കരകാണാതെ മുമ്പോട്ടുള്ളയാത്ര തുടർന്നപ്പോൾ, തന്റെ കൂടെ സഹയാത്രികരായിട്ടുണ്ടായിരുന്ന ജോലിക്കാരിൽ ഭൂരിഭാഗവും കടലിൽചാടി ആത്മഹത്യ ചെയ്തുവത്രെ! അവർ, കടലിൽ ചാടി മരിച്ചതെന്തിനാണെന്നറിയേണ്ടേ? ഭക്ഷണമോ ജലമോ ലഭ്യമാകാത്തതുകൊണ്ടോ ഉറ്റവരെ വേർപിരിഞ്ഞ് അകലങ്ങളിലേക്ക് പോകുന്നതുകൊണ്ടോ ആയിരുന്നില്ല. ഭൂമി പരന്നതാണെന്ന് ബൈബിൾ പഠിച്ചതിന്റെ അടിസ്ഥാനത്തിൽ അവർ ധരിച്ചു. പരന്നഭൂമിയുടെ അറ്റത്ത് എത്തിയാൽ യാത്ര ചെയ്യുന്ന കപ്പൽ മറിഞ്ഞ് അതിലുള്ളവരെല്ലാം ''പർഗേറ്ററി'' എന്ന ഘോരനരകത്തിലേക്കു പതിക്കും എന്ന് അവർ ഭയന്നു. ഘോരനരകത്തിൽ പതിച്ചാൽ പിന്നെ അന്ത്യനാളുകളിലെ വിധിന്യായത്തിൽ ദൈവനിന്ദ നടത്തിയതിന് ശാശ്വതമായ നരകയാതന അനുഭവിക്കേണ്ടി വരുമെന്നും ഭയന്നാണവർ കടലിൽ ചാടി ആത്മഹത്യ ചെയ്തത്.

സർ ഐസക് ന്യൂട്ടണും, കോപ്പർ നിക്കസുമെല്ലാം ജീവിച്ചിരുന്ന കാലഘട്ടങ്ങളിൽ അവിടത്തന്നെ ഉണ്ടായിരുന്ന അന്ധവിശ്വാസങ്ങളാണ് ഉദാഹരണത്തിലൂടെ വിവരിച്ചത്.

## പുരാതന ഭാരതത്തിലെ ശാസത്രവും ശാസ്ത്രജ്ഞന്മാരും

ഇന്ന് ദാരിദ്ര്യവും, രാഷ്ട്രീയ പാപ്പരത്തവും, അധർമ്മവും നടമാടുന്നു എങ്കിലും ഭാരതത്തിൽ അതിപുരാതന കാലം മുതൽക്കുതന്നെ ശാസ്ത്രത്തെ ആരാധിച്ചിരുന്നു, അംഗീകരിച്ചിരുന്നു. ശാസ്ത്രജ്ഞന്മാർക്കു ഋഷിതുല്യസ്ഥാനം നൽകിയിരുന്നു. ശാസ്ത്രഗ്രന്ഥങ്ങൾക്ക് വേദസമാനമായ ഭക്ത്യാദരങ്ങൾ ലഭിച്ചിരുന്നു. മറ്റൊരു മതത്തെ അവഹേളിക്കുകയോ, അതിലുള്ളവരെ ക്രൂരമായി പീഡിപ്പിച്ച് മതപരിവർത്തനം നടത്തുകയോ ചെയ്ത് ഒരു വ്യക്തിയും ഈ നാട്ടിൽ ഋഷീ



Scanned with CamScanner

ശ്വരപദവിയിലേക്കുയർന്നിട്ടില്ല. അന്നത്തെയും ഇന്നത്തെയും പാശ്ചാത്യ ചിന്താധാരകളിൽ നിറഞ്ഞിരിക്കുന്നത് പാശ്ചാത്യ അസഹിഷ്ണുതയാണ്. അതേ ചിന്താധാരകളിലേക്ക് മതം മാറ്റത്തിലൂടെ വരുന്നവരുടേയും അസഹിഷ്ണുത, ഇന്നും ലോകമെമ്പാടും നമുക്ക് കാണാം.

ഭൂമിയെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചുമുള്ള ഭാരതീയ വീക്ഷണവും നാം വിശകലനം ചെയ്ത് താരതമ്യം ചെയ്യണം. അത് രണ്ടുവിധത്തിൽ വേണം. ശുദ്ധ ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രായോഗിക അറിവുകൾ; അതായത് 'ദ ഫാക്ട്സ് ആന്റ് ഫിഗേഴ്സ്'. എണ്ണം, വണ്ണം, വേഗത, ഭാരം, ................ പോലുള്ളവയെല്ലാം പ്രായോഗിക അറിവുകളിൽ പെടുത്താവുന്നതാണ്. ഇതിനപ്പുറത്തുള്ള രണ്ടാമത്തെ അറിവും നേടണം. തത്വശാസ്ത്രത്തിന്റെ കൂടി ചൈതന്യമുൾക്കൊണ്ട്കൊണ്ട് നഗ്നനേത്രങ്ങൾകൊണ്ടു കാണാൻ സാധിക്കുന്നതിലപ്പുറത്തുള്ള വസ്തുക്കളുടേയും വസ്തുതകളുടേയും അറിവ്. ഈ അറിവാണ് സാമാന്യ വേദാന്തഭാഷയിൽ ജ്ഞാനം എന്നു പറയുന്നത്. ഇവ രണ്ടും കൂട്ടിച്ചേർത്ത് വിവരിച്ചാലുള്ളത് ഈ ഭാരതഭൂമിയിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഭാരതത്തിലുണ്ടായിരുന്ന ജ്ഞാനത്തെ, അന്ധവിശ്വാസമെന്നും, മതമെന്നും പറഞ്ഞ് ആക്രോശിച്ചവഹേളിച്ച്, പുച്ഛിച്ച്, അപകർഷതാ ബോധമുണ്ടാക്കാനുപയോഗിച്ചതായ പരമമായ ആ പ്രപഞ്ച ജ്ഞാനത്തെ ഇന്നു അത്യാധുനിക ശാസ്ത്രം അടിവരയിട്ട് അംഗീകരിക്കുന്നു. പുരാതന ഭാരതീയ കാഴ്ചപ്പാടാണ് ശരി, അതാണ് സത്യം അതാണ് വസ്തുത, അതാണ് യാഥാർത്ഥ്യം എന്ന് വ്യക്തമാക്കുന്ന അനവധി ലേഖനങ്ങൾ ഇക്കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളിലായി പാശ്ചാത്യനാടുകളിലെ ശാസ്ത്രമണ്ഡലത്തിൽ പ്രചാരം നേടിവരുന്നുണ്ട്. ഈ അടുത്ത കാലത്തായി ഇവിടത്തെ 'ബുദ്ധി ജീവികളെന്നു' വാഴ്ത്തപ്പെട്ടവരും അത് ഏറ്റുപറയാൻ തുടങ്ങിയിരിക്കുന്നു. അവരുടെ പുതിയ ദർശനമെന്ന ഭാവേനയാണ് അവരത് അവതരിപ്പിക്കുന്നത്. എന്നുമാത്രം. ഒന്നു വ്യക്തം! ഇവിടെ നിന്ന് ജന്മം കൊണ്ടത് പടിഞ്ഞാറ് ചെന്ന് അതിൽ അൽപം സയൻസിന്റെ ക്രീം പുരട്ടി ഇവിടേക്ക് തിരിച്ചുവരുമ്പോൾ, അത് അമേരിക്കയിൽ നിന്നോ ഇംഗ്ലണ്ടിൽ നിന്നോ ആണെങ്കിൽപോലും "ജീവികൾ" സ്വീകരിക്കും. മറ്റെവിടെനിന്നാണെങ്കിലും, ഭാവിയിൽ ഒരു സ്ഥാനമാനത്തിന് പ്രയോജനപ്പെടുത്താൻ സാധിക്കുമെങ്കിൽ അതിനെയും ന്യായീകരിച്ച് പ്രത്യേക നിറത്തിലൂടെ വിശകലനം ചെയ്യും. എന്നിട്ട് ഈ അറിവ് ബുദ്ധി ജീവികളുടെ ഭാഷയിലും അവരവർക്കുതന്നെ മനസ്സിലാകാത്ത രീതിയിലും വിവരിക്കും.



Scanned with CamScanner

ഇതൊക്കെ പാർട്ടിയിൽ ചർച്ച ചെയ്യപ്പെടുന്ന സമയത്ത് ചിലർ സംഘത്തിൽ നിന്ന് പുറത്താകും, ചിലരകത്താകും.

ഇത്രയും എഴുതിയത്, ഭാരതീയ സത്യങ്ങൾ ലളിതമായി മനസ്സിലാക്കാനും വിശകലനം ചെയ്ത് വിവരിക്കാനും ഈ നാട്ടിൽ യോജിച്ച വാക്കുകളും വിവരണങ്ങളും ഉണ്ടായിരുന്നു. ദൃഷ്ടിഗോചരങ്ങളാക്കാനുള്ള പ്രതീകങ്ങളും ബുദ്ധിജീവികളല്ലാത്തവർക്കും കഥാരൂപത്തിൽ മനസ്സിലാക്കാനുള്ള പുരാണങ്ങളും ഉണ്ടായിരുന്നു. സമയക്കുറവുള്ളവർക്ക് ഒരു ദർശന സൗഭാഗ്യം ലഭ്യമാക്കാനുള്ള ക്ഷേത്രങ്ങളുണ്ടായി. പ്രായോഗിക ജീവിതത്തിൽ അതിലുള്ളത് പ്രയോഗിക്കാനുള്ള ആചാരങ്ങളും, ഗഹനമായി പഠിച്ചറിയാനാഗ്രഹമുള്ളവർക്ക് വിവിധ നിലവാരത്തിലുള്ള താത്വീകഗ്രന്ഥങ്ങളും പ്രായോഗിക ഗ്രന്ഥങ്ങളും ഇവിടെയുണ്ടായി. കൊച്ചുകുഞ്ഞുങ്ങൾക്കും അവരുടെ മാനസീകാവസ്ഥയുള്ളവർക്കും നിരക്ഷരർക്കുംവേണ്ടി ഹരികഥയും, സപ്താഹവും, നവാഹവും സന്ദേശങ്ങൾ നൽകാൻ എന്റേയും നിങ്ങളുടേയും ഭാരതീയരായ പൂർവികർ എഴുതി പ്രചരിപ്പിച്ചിരുന്നു.

ഏതോ രാജ്യത്ത് ഏതോ കാലഘട്ടത്തിൽ ഏതോ ആവശ്യത്തിന്, ആർക്കൊക്കെയോ അധികാരത്തിലേറാനും, ആരെയൊക്കെയോ വലിച്ചു താഴെയിടാനും വേണ്ടി, ലക്ഷക്കണക്കിന് ജനങ്ങളെ കൊന്നു കൊലവിളിച്ചവർ ചെയ്തുകൂട്ടിയ ഗതികെട്ട കർമ്മങ്ങൾക്ക് (അതു ചെയ്തവർ) കൊടുത്ത ന്യായീകരണവും പേറി ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും അശരീരിപോലെ പിച്ചും പേയും പറഞ്ഞ് നടക്കുന്നവർക്ക് ഇതൊക്കെ എങ്ങിനെ ഇപ്പോൾ മനസ്സിലാക്കാൻ സാധിക്കും? ഇനിയൊരു പതിനഞ്ചുവർഷം കഴിയണം ഭാരതീയ പൈതൃകമൊക്കെ ശരിയായിരുന്നു എന്നു മുൻകാല പ്രാബല്യത്തോടെ അവരത് അംഗീകരിക്കാൻ. ഈ ഭാരതീയ പൈതൃകമൂല്യത്തെ ഭാവിയിലിവർ അംഗീകരിക്കുമ്പോഴും, അത് സത്യമാണോ വസ്തുതയാണോ, ശാസ്ത്രമാണോ എന്നു നോക്കിയിട്ടായിരിക്കില്ല, മുൻകാല പ്രാബല്യം നൽകുന്നത്. അംഗീകരിച്ചാൽ, അപ്പോൾ അവർക്ക് എന്തു പ്രയോജനം കിട്ടും? തിരുവനന്തപുരത്തേക്കും, ഡൽഹിക്കും അഞ്ചുവർഷത്തേക്ക് പോകാനുള്ള ഫ്രീ ടിക്കറ്റ് ലഭിക്കുമോ......... എന്നിപ്രകാരമുള്ള വിശകലനം രാപ്പകൽ നടത്തിയതിനുശേഷം, എന്തോ അസാധാരണമായത് സംഭവിച്ചിരിക്കുന്നു എന്ന് വരുത്തിത്തീർത്ത്, ജനശ്രദ്ധയാകർഷിച്ചിട്ടായിരിക്കും, ഭാരതീയ പൈതൃകത്തിലെ ശാസ്ത്രസത്യങ്ങൾ പോലും ഭാരതീയരായ ഇവർ അംഗീകരിക്കുന്നത്.

നമ്മുടെ പൈതൃകം ശാസ്ത്രീയമെന്നു പഠിച്ചു ബോധ്യം വന്നാൽ നേരെ സ്വീകരിക്കണം. അതിനു ചുഴലിരോഗികളെപോലെ പുളഞ്ഞ് പതയും നുരയും വരുത്തിക്കാണിക്കുന്ന രോഗത്തിന്റെ ആവശ്യമില്ല. ഇപ്രകാരം ചുഴലിരോഗം പോലെ ബുദ്ധിജീവികളായ രോഗികൾ സങ്കീർണ്ണമാക്കിയ വിഷയമാണ് പ്രപഞ്ചത്തിന്റെ സ്വതസിദ്ധമായ ചൈതന്യം, പ്രതീകാത്മകമായി ഭഗവദ്ഗീതയിലെ വിശ്വരൂപദർശന യോഗാധ്യായത്തിലും, തൃമൂർത്തി സങ്കൽപ്പത്തിലും, പ്രപഞ്ച ഊർജ്ജ നൃത്തത്തെ ശിവതാണ്ഡവത്തിലും ഭാരതീയർ കണ്ടിരുന്നതിനെ ഇന്ന് ശാസ്ത്രം അംഗീകരിച്ചത്. നമ്മുടെ ബുദ്ധിജീവികൾക്ക് അംഗീകരിക്കാൻ ദശാബ്ദങ്ങൾ വേണ്ടിവന്നു! കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ സർ ഐസക് ന്യൂട്ടന്റെ ചെയർ അലങ്കരിക്കുന്ന ലോക പ്രശസ്ത ചിന്തകനും ഊർജ്ജതന്ത്രജ്ഞനുമായ സ്റ്റീഫൻ ഹോക്കിൻസും, ബെർക്കിലി യൂണിവേഴ്സിറ്റിയിലെ പ്രശസ്ത പ്രൊഫസറായ ഫ്രിറ്റ് ജോഫ് കാപ്രയും അതുപോലുള്ള പലരും അംഗീകരിച്ച് വിശകലനം ചെയ്ത പ്രപഞ്ചനടനം, ശിവനടനം, ശിവന്റെ അർധനാരീശ്വരസങ്കൽപം എല്ലാം ഒന്നു വിശകലനം ചെയ്യണം. ഭാരതത്തിൽ ശാസ്ത്രമുണ്ടായിരുന്നു എന്നു തെളിയിക്കുന്നതോടൊപ്പം ഭാരതത്തിലുണ്ടായിരുന്നത് ശാസ്ത്രമാണ് എന്നും തെളിയിക്കുവാൻ സാധിക്കും! അതാണിവിടെ ഈ ലഘു പുസ്തകത്തിലവതരിപ്പിച്ചിട്ടുള്ളത്.

ഏതാനും ശതാബ്ദങ്ങൾക്കു മുമ്പ് നടന്ന യൂറോപ്പിലെ വ്യവസായിക-ശാസ്ത്ര-സാങ്കേതിക വിപ്ലവം, നവോത്ഥാനം, ഇവയ്ക്കെല്ലാം സഹസ്രാബ്ദങ്ങൾക്കുമുമ്പ്, ആധുനിക കണ്ടുപിടത്തമെന്ന് തെറ്റിദ്ധരിച്ചിരിക്കുന്ന, ശുദ്ധശാസ്ത്ര അറിവുകളുടെ ഒരു ശൃംഖലതന്നെ ഭാരതത്തിലുണ്ടായിരുന്നു.

അര്യഭടൻ ഒന്നാമൻ (എ.ഡി. 499) മുതൽ ഭാസ്കരാചാര്യൻ രണ്ടാമൻ (എ.ഡി. 1150) വരെയുള്ളവർ ഭാരതത്തിൽ രചിച്ചിട്ടുള്ള നൂറു കണക്കിന് ശുദ്ധശാസ്ത്രഗ്രന്ഥങ്ങളും, 13-15 നൂറ്റാണ്ടുകളിൽ കേരളത്തിന്റെ തനതായ സംഭാവനയും ഒന്നുകൂട്ടിചേർത്തുനോക്കിയാൽ അത്യത്ഭുതകരമായ കണ്ടുപിടുത്തങ്ങളുടെ പരമ്പര ഗണിത-ജ്യോതി ശാസ്ത്ര -ഭൂഗണിത-ശാസ്ത്രത്തിൽ ഇവിടെ ഉണ്ടായിരുന്നതായി കാണാം. അതിനേക്കാൾ നൂറ്റാണ്ടുകൾക്കു മുമ്പ് ആരോഗ്യശാസ്ത്രം, ലോഹതന്ത്രം, യന്ത്രശാസ്ത്രം, അടിസ്ഥാന ഊർജ്ജതന്ത്രം തുടങ്ങിയ വിഷയങ്ങളിൽ ഭാരതീയർക്ക് ചിന്താതീതമായി അറിവുണ്ടായിരുന്നു, എന്നു തെളിയിക്കുന്ന അനവധി ഗ്രന്ഥങ്ങളുണ്ടായിരുന്നത് ഇന്നുമിവിടെ ലഭ്യമാണ്.



Scanned with CamScanner

അതായത് ഭാരതീയ അറിവുകൾ 'ഫാക്ട്സ് ആന്റ് ഫിഗേഴ്സ്' ഭാഷയിൽ പറഞ്ഞാൽ ഏതൊരു ആധുനിക ശാസ്ത്ര ഗ്രന്ഥങ്ങളിലുമുള്ളതുപോലെ ഇവിടേയുമുണ്ടായിരുന്നു എന്നർത്ഥം. സ്വാഭാവികമായും അവയെല്ലാം സംസ്കൃതത്തിലോ അതാതു പ്രാദേശിക ഭാഷകളിലോ ആയിരുന്നു. ഇംഗ്ലീഷും റഷ്യൻ ഭാഷയും അന്ന് ജനിച്ചിട്ടില്ലാത്തതിനാലോ ഭാരതത്തിലേക്ക് വരാതിരുന്നതിനാലോ ഈ ഭാരതീയ അറിവുകൾ വിദേശ ഭാഷകളിൽ എഴുതാൻ സാധിക്കുമായിരുന്നില്ല എന്നും മനസ്സിലാകുമല്ലോ.

**ഇവിടെ ശാസ്ത്രവും അത്മീയതയും സമന്വയിച്ചു**

ഈ ശാസ്ത്ര അറിവുകൾ കണ്ടുപിടിച്ചസമയത്തോ അതിനു ശേഷമോ ഈ ശാസ്ത്രജ്ഞന്മാരെയൊന്നും നാം ദണ്ഡിപ്പിക്കുകയോ തീയിലിട്ടു ചുട്ടുകൊല്ലുകയോ ചെയ്തിട്ടുമില്ല. മാത്രമല്ല, ഇവരെ ആചാര്യപദവി നൽകിയും അവരെഴുതിയ ഗ്രന്ഥങ്ങൾക്ക് വേദ-വേദാംഗ-ഉപവേദപദവി നൽകി ആദരിക്കുകയും ചെയ്തതിനാലാണല്ലോ ആര്യഭടാചാര്യൻ മുതൽ ആചാര്യ പി.സി.റേ വരെ ഒരു ആചാര്യ ശൃംഖലയുണ്ടായത്. ഇവിടെയാണ്, ഇവിടെ മാത്രമാണ് ശാസ്ത്രഗ്രന്ഥങ്ങളും, സംഗീതവും ഉപവേദസ്ഥാനങ്ങളിൽ വിളങ്ങിയതും. ചുരുക്കത്തിൽ ഈ പരമപവിത്രമായ ഭാരതത്തിൽ സയൻസ് എന്ന ശാസ്ത്രവും ആത്മീയതയും കൈകോർത്തിരുന്നു. വേദവേദാംഗങ്ങളും, ശാസ്ത്രവും ആത്മീയതയും ഒത്തുചേരുകതന്നെ വേണമെന്നുൽഘോഷിച്ചു. ആചാരങ്ങളിലും വിശ്വാസങ്ങളിലും കർമ്മധർമ്മങ്ങളിലും പ്രത്യക്ഷമായും പരോക്ഷമായും ജ്ഞാന-വിജ്ഞാന സംഗമത്തിനുള്ള സന്ദേശം നൽകി നമ്മുടെ പൂർവികർ നമ്മെക്കൊണ്ട് അതനുശാസിപ്പിച്ചിരുന്നു. അമ്മയും, അച്ഛനും, പഠിപ്പിക്കുന്ന അദ്ധ്യാപകനും 'വെറും' മനുഷ്യരായിരുന്നിട്ടും അവർക്ക് നാം 'ദേവോ ഭവ' എന്ന പദവി നൽകിയില്ലേ! ഭൂമിയുടെ വ്യാസവും, ഭ്രമണവും, ചെരിവും ഭൂഗുരുത്വവും, ലാറ്റിട്യൂഡും, ലോഞ്ചിറ്റ്യൂഡും സഹസ്രാബ്ദങ്ങൾക്കുമുമ്പ് പ്രായോഗികഗണിതത്തിൽ നാം ഉപയോഗിച്ചുകൊണ്ടിരുന്നു. ഇന്നുവരേയും നാമത് പ്രയോഗിച്ചുകൊണ്ടുമിരിക്കുന്നു. എന്നിട്ടും ഭൂമിദേവിയെന്നല്ലേ നാം ഭൂമിയെ ആദരിക്കാറുള്ളത്. **അയം മാതാ പൃഥ്വീ പുത്രോ/ഹം പൃഥിവ്യാ** ഭൗതീകമായ ഭൂമിയിൽ ആത്മബന്ധം കാണാൻ സാധിച്ചതിന്റെ വരിയാണിത്. ഈ 21-ാം നൂറ്റാണ്ടിലും ഇപ്രകാരമൊരു വീക്ഷണം വിദ്യാഭ്യാസമുള്ള വരടക്കമുള്ള ഭാരതീയർ വച്ചുപുലർത്തുന്നുണ്ട്. എല്ലാ അത്യാധുനിക ഉപകരണങ്ങളേയും നാം ആയുധപൂജ ദിവസം പൂജിക്കുന്നുണ്ട്. പുതിയ കപ്പൽ, യുദ്ധോപകരണങ്ങൾ, വാഹനങ്ങൾ ഇവയെല്ലാം പുറത്തിറ



Scanned with CamScanner

ക്കിയുപയോഗമാരംഭിക്കുന്നതും ഒരാത്മീയാചാരത്തോടെയാണ്. ഇവിടെയാണ് ശാസ്ത്രോൽപന്നത്തിൽ ഭാരതത്തിൽ ആത്മീയത ചേരുന്നത്. ഇതിന്റെ മഹത്വം ബോധപൂർവ്വം നിരാകരിക്കുന്ന ബുദ്ധി 'ജീവികളുണ്ട്'. നന്മയറിയാത്തതുകൊണ്ടല്ല ഇവരിതിനെ എതിർക്കുന്നത്. പുരോഗമന-യുക്തിവാദി എന്ന ലേബലിനുവേണ്ടിയാണ്. ഒരുപക്ഷേ അതിൽ നിന്ന് പ്രത്യക്ഷമായും പരോക്ഷമായും ലഭിക്കുന്ന ലാഭവിഹിതവും വലുതാകാം. ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞ ആത്മീയതയില്ലാത്ത ശാസ്ത്രവും ശാസ്ത്രമില്ലാത്ത ആത്മീയതയും - മുടന്തനും അന്ധനും- കൈകോർത്ത് പിടിച്ച ഇടമല്ല ഭാരതം. ആത്മീയാംശമുള്ള ശാസ്ത്രവും, ശാസ്ത്രം നിറഞ്ഞു തുളുമ്പുന്ന ആത്മീയതയും കൊണ്ടു സമ്പുഷ്ടമായ ഭൂമിയാണ് ഭാരതം, അന്നും ഇന്നും എന്നും!

**ശാസ്ത്രത്തിന് പരിമിതിയുണ്ട്**. അതുകൊണ്ട് അനുഭവത്തിന്റേയും അനുഭൂതിയുടേയും തലമുണ്ടാക്കാൻ ആദ്യം നമ്മൾ ശ്രമിക്കണം. സയൻസിന് ലോകത്തിലുള്ള എല്ലാത്തിനേയും വിവരിക്കാൻ സാധ്യമല്ല. സാധിക്കുമെന്നു നിങ്ങളാരെങ്കിലും വിശ്വസിക്കുന്നുണ്ടെങ്കിൽ ലോവർ പ്രൈമറി വിദ്യാർത്ഥിയോട് ചോദിക്കുന്നതിനേക്കാൾ ബഹുമാനപുരസ്സരം ഒരു ചോദ്യം ചോദിക്കാം! സന്തോഷവും ദുഃഖവും, ആത്മസംതൃപ്തിയും, ഭയവും, സ്നേഹവും, ഭക്തിയും, ആദരവും, ഏതു ബാരോമീറ്റർ/സ്റ്റെതസ്കോപ്/തെർമോമീറ്റർ ഉപയോഗിച്ചാണ് നമുക്ക് അളക്കാൻ സാധിക്കുക? ഇവയൊക്കെയും ഇതുപോലുള്ളതും അളക്കണമെങ്കിൽ ഒരു അനുഭൂതിയുടെ തലം ഉണ്ടാകണം. അനുഭൂതിയുടെ തലത്തിൽ മനസ്സും മസ്തിഷ്കവും ഒത്തുചേരണം. അപ്പോൾ ബാഹ്യമായി പരീക്ഷിക്കുന്ന കൃത്യതയോടെ ആന്തരീകമായി പലതും പരിശോധിക്കാനാകും. ബാഹ്യമായും ആന്തരീകമായും ഒരുമിച്ചു പരിശോധിക്കണമെന്ന് ഒരായിരം പ്രാവശ്യം ഭാരതീയ ഋഷിവര്യന്മാർ പറഞ്ഞിട്ടുണ്ട്. ഉപനിഷത്തും വേദങ്ങളും ആന്തരീകമായതിന്റെ ദർശനവിവരണം നൽകുന്നു. ഉപവേദങ്ങളും ധർമ്മശാസ്ത്രങ്ങളും ബാഹ്യമായതിന്റെയും നൽകുന്നു എന്ന് ഏകദേശം പറയാം.

## പരമാണുവിലും പ്രപഞ്ചത്തിലും ഒരേ ചൈതന്യം

ഈ ആന്തരീക-ബാഹ്യജ്ഞാനം പരീക്ഷണത്തിന്റേയും അനുഭൂതിയുടേയും തലത്തിൽ തൊട്ടറിയുവാൻ സാധിച്ചവരാണ് പ്രപഞ്ചത്തിന്റെ താളധ്വനി ആദ്യം വിവരിച്ച ഭാരതീയർ. അവർ പറഞ്ഞു പരമാണു മുതൽക്ക് പ്രപഞ്ചം വരെ, നിറഞ്ഞിരിക്കുന്ന ഒരു ശക്തിയുണ്ട്.



Scanned with CamScanner

'ജീവന്റെ' രൂപത്തിൽ സർവജീവജാലങ്ങളും അധിവസിക്കുന്നതും ഇതേ ചൈതന്യമാണ്. മഹാനാരായണ ഉപനിഷത്തിലെ ഈ വരി നോക്കുക.

**അണോരണീയാൻ മഹതോമഹീയാൻ**
**ആത്മാ ഗുഹായാം നിഹിതോഽസ്യജന്തോഃ**

അണുക്കളിൽ വച്ചേറ്റവും ചെറിയ അണുവായ പരമാണുവിലും മഹത്തായതിൽ വച്ച് ഏറ്റവും മഹത്തായ പ്രപഞ്ചത്തിലും ആത്മചൈതന്യരൂപത്തിൽ ജന്തുക്കളിലും ആ ചൈതന്യം അധിവസിക്കുന്നു.

അണുവിനെക്കുറിച്ചുള്ള വസ്തുത, വസ്തുതാപരമായി ഭാരതീയർക്കറിയാമായിരുന്നുവോ? ഉണ്ട്! **അപകർഷപര്യന്തം ദ്രവ്യം പരമാണുരേവം.** ഒരു ദ്രവ്യത്തിന്റെ ഏറ്റവും ചെറിയ ഘടകമാണ് പരമാണു. **പരമാണുരിതി പ്രോക്താ ജ്ഞാനീനാം ദൃഷ്ടി ഗോചരാ.** പരമാണു എന്നു പറയുന്നത് ജ്ഞാനികൾക്കുമാത്രം ദൃഷ്ടിഗോചരമാകുന്ന ഒന്നാണ്. ആധുനിക ശാസ്ത്രം വിവരിച്ച ആറ്റം ഇതുതന്നെയാണല്ലോ?

**'ബില്യൺസ് ഓഫ് ഗാലക്സീസ്' പ്രയോഗം ഭാരതത്തിൽ**

കഴിഞ്ഞനൂറ്റാണ്ടിൽ ആധുനികശാസ്ത്രം പ്രപഞ്ചത്തെക്കുറിച്ച് വിവരിച്ചപ്പോൾ ഉപയോഗിച്ച പദങ്ങളാണ് 'ബില്യൺസ് ആന്റ് ബില്യൺസ് ഓഫ് ഗ്യാലക്സീസ്'. ആധുനീക ശാസ്ത്രത്തിന്റെ ഈ മഹാവചനം ഭാരതത്തിൽ സഹസ്രാബ്ദങ്ങൾക്കുമുമ്പ് പ്രയോഗിച്ചിരുന്നു. ടൈം-സ്പേസ് ബന്ധിപ്പിക്കുന്ന മഹാസങ്കൽപത്തിലുണ്ട് ഈ പദങ്ങൾ - എല്ലാ ആചാരങ്ങളും ആനുഷ്ഠിക്കുന്ന സമയത്ത് ചൊല്ലുന്ന മന്ത്രമാണ് മഹാസങ്കൽപം - അതിലെ മന്ത്രങ്ങൾ ഇപ്രകാരം ആരംഭിക്കുന്നു.

**ആദിവിഷ്ണോ ആദിനാരായണസ്യ അചിന്ത്യയാ അപരിമിതയാ ശക്ത്യാ ഭ്രിയമാണ്ണസ്യ അനേക കോടി ബ്രഹ്മാണ്ഡാനാം മധ്യേ ....**

ആദിവിഷ്ണുവായ ആദിനാരായണന്റെ ചിന്താതീതമായ, പരിമിതിയില്ലാത്ത ശക്തികൊണ്ട് കറങ്ങിക്കൊണ്ടിരിക്കുന്ന **അനേക കോടി ബ്രഹ്മാണ്ഡ**ങ്ങളുടെ മധ്യത്തിൽ .... ഇവിടെ സഹസ്രാബ്ദങ്ങൾക്കുമുമ്പാണ് 'ബില്യൺസിന്' ഈ പദങ്ങൾ ഉപയോഗിച്ചത്. അതിലേക്ക് ആധുനിക ശാസ്ത്രം അനേകകാലത്തെ ഗവേഷണം കൊണ്ട് ഇപ്പോഴാണ് എത്തിച്ചേർന്നത്.



Scanned with CamScanner

ഋഗേദത്തിലെ പത്താം മണ്ഡലത്തിലെ വരിയിൽ ഈ പ്രപഞ്ചമാകുന്ന പ്രപഞ്ചചൈതന്യത്തെ പ്രപഞ്ചപുരുഷചൈതന്യമായി, പ്രതീകാത്മകമായി വിവരിച്ച് പുരുഷസൂക്തമെഴുതി. മറ്റൊരിടത്ത് **വിശ്വതശ്ചക്ഷുരുതവിശ്വതോമുഖോ വിശ്വതോ ബാഹുരുത വിശ്വതസ്പാദ്** എന്നെഴുതിയിട്ടുണ്ട്. ഈ പ്രപഞ്ചം മുഴുവനും കണ്ണുകളും, മസ്തിഷ്കവും, കൈകളും, കാലുകളുമുള്ള.... അർത്ഥം വ്യക്തമാണല്ലോ? പ്രപഞ്ചത്തിൽ സംഭവിക്കുന്ന എല്ലാത്തിനേയും നിയന്ത്രിക്കുന്ന... ചൈതന്യം. ഭഗവദ്ഗീതയിൽ വിശ്വരൂപദർശനയോഗാദ്ധ്യായത്തിൽ... **നാന്തം ന മധ്യം ന പുനസ്തവാദിം....** തുടക്കവും മധ്യവും അവസാനമില്ലാത്ത രൂപം എന്ന വർണന വിശ്വത്തെക്കുറിച്ചാണ് എന്നു നമുക്കറിയാം. വിശ്വരൂപദർശനാധ്യായത്തിലാണിതുള്ളത്. ഇവിടെയെല്ലാം പ്രപഞ്ചത്തെ പ്രതീകാത്മകമായ രൂപം നൽകി സാധാരണക്കാർക്ക് മനസ്സിലാക്കുവാൻ സാധിക്കുന്ന വിധത്തിലോ, തത്വശാസ്ത്രത്തിന്റെ അഗാധതയിലേക്ക് പോകുന്നവർക്ക് പ്രപഞ്ചത്തിന്റെ അത്രയും വലിപ്പത്തിൽ മനോമണ്ഡലത്തിൽ രൂപം സൃഷ്ടിക്കാൻ സാധിക്കുന്ന വിധത്തിലോ, അതുമല്ലെങ്കിൽ അർജ്ജുനന് ലഭിച്ചതുപോലെ ജ്ഞാനദൃഷ്ടികൊണ്ട് ദർശിക്കാവുന്ന പ്രപഞ്ചയാഥാർത്ഥ്യങ്ങളായോ അനവധി വരികൾ രചിച്ചിട്ടുള്ളതിൽ, രണ്ടുമൂന്നെണ്ണം എടുത്തു വിവരിച്ചു എന്നുമാത്രം.

ഈ പ്രപഞ്ചത്തെ ശാസ്ത്രത്തിന് വിവരിക്കണമെങ്കിൽ, അത് പരമിതമായ പദങ്ങളിലും രൂപങ്ങളിലും ഭാവങ്ങളിലും, ഇന്നുവരെ കണ്ടുപിടിച്ചിട്ടുള്ള പരിമിതിയുള്ള അടിസ്ഥാന തത്വങ്ങൾക്കാധാരമാക്കിവേണം. അതുകൊണ്ടുതന്നെ ശാസ്ത്രത്തിനുള്ള പരിമിതി നമ്മുടെ വിവരണങ്ങളിലേക്കും വ്യാപിക്കും. ഇന്നുലഭ്യമായ പദങ്ങൾ ഉപയോഗിച്ചുവേണമല്ലോ പുതിയ പുതിയ ഇന്നത്തെയും നാളത്തെയും കണ്ടുപിടുത്തങ്ങൾ വിവരിക്കാൻ. ആ പരിമിതി അനുഭൂതിയുടെ തലത്തിൽ അകക്കണ്ണ്കൊണ്ട് കാണുവാൻ സാധിക്കുന്നവർക്കുണ്ടാകില്ല. അപ്രകാരം ലഭ്യമാകുന്ന രൂപങ്ങളിലൊന്ന്, പ്രപഞ്ചത്തിന് നീലനിറം നൽകി, പഞ്ചഭൂതത്തെ പ്രതിനിധീകരിക്കുന്ന അഞ്ചുതലകളുള്ള, 'കോയിൽഡ്' രൂപമുള്ള 'ഇൻഫിനിറ്റി' എന്നർത്ഥമുള്ള അനന്തന്റെ മുകളിൽ ശാന്തമായി ശയിക്കുന്ന (അനന്തശയനം) മഹാവിഷ്ണുരൂപമായി സ്വീകരിച്ചു. x, y, z time axes കളായ നാലു അക്ഷങ്ങളുള്ള ബ്രഹ്മാവായി പ്രപഞ്ചത്തെ സ്വീകരിച്ചു. പോസിറ്റീവും നെഗറ്റീവും പ്രതീകാത്മകമായ അർധനാരീശ്വരസങ്കൽപത്തിലൂടെ ചേരുന്ന അഞ്ചുശക്തികൾ - വായു/ജലം/അഗ്നി/രാസ/പൊട്ടൻഷ്യൽ ഊർജങ്ങൾ (ജഡയിലെ വായു + ജലം, തൃക്കണ്ണിലെ അഗ്നി, സർപ്പത്തിന്റെ വിഷം എന്ന രാസ

വസ്തു, തൃശൂലമെന്ന ആയുധത്തിന്റെ ഊർജ്ജം) ചേർന്ന ശിവനായും താളലയത്തോടെ നൃത്തമാടുന്ന ശിവതാണ്ഡവമായും സ്വീകരിക്കാം. പ്രപഞ്ചചൈതന്യമായ വിഷ്ണുവിൽ ബ്രഹ്മാവിഷ്ണുമഹേശ്വര സങ്കൽപങ്ങൾ മൂന്നും സമ്മേളിക്കുന്നു. സൃഷ്ടി സ്ഥിതി സംഹാരത്തിന്റെ മൂന്നു പ്രതീകങ്ങളും വിശ്വരൂപത്തിൽ സംയോജിക്കുന്നു. മറ്റൊരർത്ഥത്തിൽ ഈ വിശ്വം മൂന്നിന്റേയും ഏകീകൃതഭാവവും ഭാഗവുമാണ്. ഇത് മനോമണ്ഡലത്തിൽ വരച്ചതിനാലാണ് നാം തൃമൂർത്തി **സങ്കൽപം** എന്നു നിരന്തരം വിവരിക്കുന്നത്.

## ഭാരതീയ തൃമൂർത്തി സങ്കൽപം പാശ്ചാത്യ ശാസ്ത്രജ്ഞരിലേക്ക്

ഭാരതീയർ അതിപുരാതന കാലം മുതൽക്കേ ഈ വിവരണം നൽകിയിരുന്നുവെങ്കിലും പാശ്ചാത്യമണ്ണിൽ ഈ ശാസ്ത്രചിന്ത വാരിവിതറിയത് **ദ ടാവോ ഓഫ് ഫിസിക്സ്** എന്ന ഗ്രന്ഥത്തിലൂടെ ഫ്രിറ്റ് ജോഫ് കാപ്ര എന്ന ബെർക്കിലി യൂണിവേഴ്സിറ്റിയിലെ ഫിസിക്സ് പ്രൊഫസറായിരുന്നു. ഭാരതീയരായ ഡോ: ഇ.സി.ജി. സുദർശനും, പ്രൊഫ. ഫിറോസ് മേത്തയുമായുള്ള പ്രത്യക്ഷ സുഹൃത്ബന്ധം, വിവേകാനന്ദസ്വാമി, അരവിന്ദമഹർഷി, ഡോ: എസ്. രാധാകൃഷ്ണൻ, ശ്രീ കുമാരസ്വാമി തുടങ്ങിയവരുടെ കൃതികളുമായുള്ള ബന്ധം. ഇവയിൽ നിന്ന് ആവേശവും അറിവും, ഭാരതീയ ഗ്രന്ഥങ്ങളിൽ നിന്ന് ഉദ്ധരണികളും, പഠിച്ചാണ്, 1983ൽ, ഡോ: ഫ്രിറ്റ്ജോഫ്കാപ്ര തന്റെ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. പാശ്ചാത്യമസ്തിഷ്കത്തെ അത് എത്രത്തോളം സ്വാധീനിച്ചു എന്നറിയണമെങ്കിൽ എളുപ്പമാണ്. 1989 വരെയുള്ള 6 വർഷങ്ങൾകൊണ്ട് ഈ പുസ്തകത്തിന്റെ 16 എഡിഷനുകൾ വിറ്റഴിഞ്ഞിട്ടുണ്ട്! പാശ്ചാത്യരെ സംബന്ധിച്ചിടത്തോളം തികച്ചും വ്യത്യസ്തവും വിദേശീയവും, ശാസ്ത്രജ്ഞന്മാരെ സംബന്ധിച്ചിടത്തോളം 'ഹിന്ദുമതത്തിന്റെ' സ്വാധീനവുമുള്ള ആത്മീയ സ്പർശമുള്ള ഈ ഗ്രന്ഥം പാശ്ചാത്യമണ്ണിൽ എങ്ങിനെ വേരുപിടിച്ചുറങ്ങുന്നു എന്നു സംശയം തോന്നിയാൽ, ഒരുത്തരമേ അതിനുള്ളൂ. ഇന്നത്തെയും നാളത്തെയും ഊർജ്ജതന്ത്രജ്ഞന്മാർക്ക് സങ്കൽപിക്കാവുന്നതിൽവച്ച് ഏറ്റവും ശ്രേഷ്ഠമായ ഒരു ശാസ്ത്രരൂപകൽപനയാണ് ഭാരതീയ വേദ-ഉപനിഷദ്-ഗീതാ-വരികളിലൂടെ പാശ്ചാത്യശാസ്ത്രജ്ഞമാർക്കുപോലും എളുപ്പത്തിൽ ദഹിക്കാവുന്ന വിധത്തിൽ ഈ പുസ്തകത്തിലൂടെ ലഭിച്ചത്. അത് അവർക്ക് സ്വീകാര്യമായിത്തീർന്നു. പാശ്ചാത്യ ശാസ്ത്രജ്ഞന്മാർക്കു സ്വീകാര്യമായാൽ, ഈ ചിന്താധാരയുടെ ഉറവിടമായ ഭാരതത്തിലുള്ള, ഇന്നത്തെ ബുദ്ധി 'ജീവികൾക്കും' ഇപ്പോൾ സംഭവിച്ചതു



Scanned with CamScanner

പോലെ രാഷ്ട്രീയത്തിന്റെ നേത്രരോഗമില്ലാത്ത രോഗികൾക്കൊഴി കെയെങ്കിലും അത് സ്വീകാര്യമാകുമല്ലോ.

പാശ്ചാത്യ ശാസ്ത്രജ്ഞന്മാർ പറയുന്നതിനുമുമ്പ് നാമെന്തുകൊണ്ട്, അതുവിവരിച്ച് പേറ്റന്റ് എടുത്തില്ല എന്ന സ്ഥിരം പല്ലവി ആവർത്തിക്കാറുള്ളവർ, പുസ്തകം വായിക്കാൻ അൽപം സമയം കണ്ടെത്തിയിട്ടുണ്ടെങ്കിൽ, ആ ചോദ്യം ഇവിടെ ചോദിക്കില്ല. കാരണം ഫ്രിറ്റ്ജോസഫ് കാപ്ര ആധാരമാക്കിയിരിക്കുന്നതുതന്നെ ആനന്ദകുമാര സ്വാമി എന്ന ഭാരതീയന്റെ രചനയാണ്. ഭാരതത്തിൽ സഹസ്രാബ്ദങ്ങളായി നിലവിലുള്ള ചിന്താധാര ലളിതമായ ഭാഷയിൽ പതിറ്റാണ്ടുകൾക്കുമുമ്പ് കുമാരസ്വാമി വീണ്ടുമെഴുതിയിരുന്നു. ആ പുസ്തകവും ഇന്നും ലഭ്യമാണ്.

**ഉപനിഷത്തും ശാസ്ത്രവും സമന്വയിക്കുന്നു**

മഹാനാരായണ ഉപനിഷത്തിൽ നിന്ന് നേരത്തെ ഉദ്ധരിച്ച വരികളിൽതന്നെ കാപ്രയുടെ വിശദീകരണം ലയിപ്പിച്ച് പരിശോധിക്കാം. അതിസൂക്ഷ്മമായ 'സബ് ആറ്റമിക് പാർട്ടിക്കിളുകളിലും' അതിമഹത്തായ 'ജൈജാന്റിക് കോസ്മിക് ഡാൻസിലും' നിറഞ്ഞിരിക്കുന്നത് ഒരേ എനർജിയാണ്. കാപ്ര വിശദീകരിക്കുന്ന വരിയാണത്. ഇത് തന്നെയാണ് ഭാരതീയസന്ദേശവും. "ഭാരതീയ ദർശനങ്ങൾ സമഗ്രമായതാണെന്നും എല്ലാത്തിനേയും സംബന്ധിക്കുന്നതാണെന്നും വ്യക്തം. എല്ലാത്തിനേയും ബന്ധപ്പെടുത്താവുന്ന ഒന്നിനെയാണല്ലോ യൂണിവേഴ്സൽ എന്ന് എല്ലാവരും പറയുന്നത്. പ്രസിദ്ധനായ ജൂലിയസ് റോബർട്ട് ഓപ്പൺ ഹീമർ എന്ന ശാസ്ത്രജ്ഞന്റെ വരികൾ അത്ഭുതകരമാണെന്ന് പറയാതെ വയ്യ "........ ഹിന്ദു-ബുദ്ധ വീക്ഷണത്തിലുള്ള ചിന്താധാരകളിൽ, ആധുനിക ഊർജ്ജതന്ത്രം കണ്ടുപിടിച്ചതെല്ലാം കേന്ദ്രബിന്ദുവായിതന്നെ പ്രതിപാദിക്കപ്പെടുന്നു. ആധുനികശാസ്ത്രം ഈ പൗരസ്ത്യ ചിന്താധാരകളെ ഒന്നു നവീകരിച്ചു എന്നുമാത്രം." ഭാരതീയ ചിന്താധാരകളും പാശ്ചാത്യ ശാസ്ത്രവും തമ്മിലൊരു താരതമ്യപഠനം നടത്തുന്ന വ്യക്തിക്ക് പറയാൻ സാധിക്കുന്ന അവസാനത്തെ ശാസ്ത്രീയ വരിയല്ലേ ഓപ്പൺ ഹിമർ പറഞ്ഞത്. പ്രസിദ്ധ ശാസ്ത്രജ്ഞനായ ഹെയ്സൺബർഗ് ക്വാണ്ടം സിദ്ധാന്തത്തിന് ഉജ്ജ്വല സംഭാവന നൽകിയ വ്യക്തിയാണ് എന്ന് ഏവർക്കും അറിവുള്ളതാണ്. 25 നൂറ്റാണ്ടുകൾക്ക് മുമ്പ് പതഞ്ജലി മഹർഷി യോഗശാസ്ത്രത്തിലെഴുതിയ **ഏക സമയേ ച ഉഭയാൻ അനവധാരണം** ഒരേസമയത്ത്, രണ്ടു ബന്ധിത സ്വഭാവങ്ങൾ/ഗുണങ്ങൾ, അവധാരണം (percie)

ചെയ്യുവാൻ സാധ്യമല്ല, എന്നവരി ഇന്നറിയപ്പെടുന്നത് ഹെയ്സൺബർഗ്സ് അൺസർട്ടണിറ്റി പ്രിൻസിപ്പിൾ എന്നാണ്. ഈ ഹെയ്സൺബർഗിന്റെ വരികളിലെ സന്ദേശവുമൊന്നു ശ്രദ്ധിക്കുക: "...... പൗരസ്ത്യ തത്വശാസ്ത്ര ചിന്താധാരയും ക്വാണ്ടം തിയറിയുടെ അടിസ്ഥാന തത്വവും തമ്മിൽ ബന്ധങ്ങളുണ്ട്." ഇവിടെയെല്ലാം ഒരുകാര്യം വ്യക്തമാണ്. ഭാരതീയ ചിന്താധാരകളെക്കുറിച്ച് ഭാരതത്തിലെ ബുദ്ധിജീവികളെന്നറിയപ്പെടുന്ന ഒരുതരം രാഷ്ട്രീയ അന്ധവിശ്വാസികൾ പറഞ്ഞുനടക്കുന്നതിനേക്കാൾ സത്യസന്ധമായ വരികളാണ്, ഇന്ന് ലോകം ബഹുമാനിക്കുന്ന ശാസ്ത്രജ്ഞന്മാർ അംഗീകരിക്കുന്നതും പറയുന്നതും, എഴുതുന്നതും.

കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ മതപഠനത്തിന് ചേർന്നവരാണല്ലോ ഇന്ന് ലോകം നിത്യവും സ്മരിക്കുന്ന സർ ഐസക് ന്യൂട്ടണിനെപ്പോലെയുള്ളവർ ഇതിൽ ചിന്താതീതമായ ആദരവ് പിടിച്ചുപറ്റിയ വ്യക്തയാണ് അതിപ്രഗത്ഭശാസ്ത്രജ്ഞനായ സർ ഐസക് ന്യൂട്ടൺ. പ്രപഞ്ചത്തെക്കുറിച്ച് "17-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ നിന്ന് 19-ാം നൂറ്റാണ്ടിന്റെ അവസാനം വരെ ലോകം അംഗീകരിച്ച മെക്കാനിസ്റ്റിക് ന്യൂട്ടോണിയൻ മോഡലിൽ" എന്താണ് ന്യൂട്ടൺ വിവക്ഷിച്ചത് എന്ന് ഫ്രിറ്റ്ജോഫ് കാപ്ര പറയുന്നു. "ലോകത്തെ മുഴുവനും തന്റെ നിയമം കൊണ്ട്  ഭരിക്കുന്ന, (ഒരു രാജാവിന്റെ സ്ഥാനത്തിരുന്നു ഭരിക്കുന്ന) ഒരു ദൈവം ആണ് പ്രപഞ്ചത്തിന്നാധാരം. ഇതാണ് ന്യൂട്ടോണിയൻ വീക്ഷണം. ഇതിൽ പ്രപഞ്ചനിയമങ്ങളാകട്ടെ ഈ ഭരണാധികാരിയായ ദൈവത്തിന്റെ നിയമങ്ങളായി ന്യൂട്ടൺ കണ്ടിരുന്നു...." ന്യൂട്ടോണിയൻ ശാസ്ത്രത്തിന്റെ അടിത്തറ ബൈബിൾ ദൈവത്തിന്റെ ഭരണാധിപത്യത്തിലാണ്! ആധുനിക ശാസ്ത്രത്തിനാധാരമായ ക്വാണ്ടം  സിദ്ധാന്തത്തിന്റെ തായ്‌വേരിൽതന്നെ ദൈവത്തിന്റെ ഭരണമെന്ന അന്ധവിശ്വാസമല്ലേ ഉള്ളത്! പടിഞ്ഞാറ് നിന്ന് ഉദയം ചെയ്തതായതിനാൽ ആ അന്ധവിശ്വാസം ഭാരതീയ ബുദ്ധിജീവികൾ പതിവുപോലെ സഹിക്കുമല്ലോ. ശാസ്ത്രം, ഭാരതത്തിന് അന്യമായ ഒരു വിഷയമാണെന്ന് വരുത്തിത്തീർക്കേണ്ടത് ബുദ്ധിജീവികളുടെ ഉപജീവനത്തിന്റെകൂടി പ്രശ്നമാണല്ലോ!

ഇതിനെക്കുറിച്ച് ഭാരതീയ പുരോഗമനവാദികളുടെ തരത്തിലുള്ളവരുടെ കൂട്ടത്തിൽ (ഭാഗ്യവശാൽ) പെടാത്ത കാപ്ര എന്തു പറയുന്നു. '..... തന്നിൽ നിന്ന് ഭിന്നമായ ഒന്നാണ് ഈ പ്രപഞ്ചം എന്നു ചിന്തിക്കാതെ, താനുൾപ്പെടുന്ന ഒന്നായ ഈ പ്രപഞ്ചത്തിൽ, ചൈതന്യം സ്ഫുരിക്കുംവിധത്തിൽ എല്ലാമെല്ലാം/ ഒന്നിനൊന്ന് പര



Scanned with CamScanner

സ്പരം ബന്ധപ്പെട്ടിരിക്കുന്നുഎന്നും, ഒരേ ചൈതന്യത്തിന്റെ മാനിഫെസ്റ്റേഷൻ തന്നെയാണ് എല്ലാത്തിലും ദൃശ്യമാകുന്നതെന്നും, ആ ചൈതന്യമാണ് ആദ്യന്തികസത്യമെന്നുമുള്ള പൗരസ്ത്യ കാഴ്ചപ്പാടിനോടാണ്. ആധുനിക ശാസ്ത്രം ഇപ്പോൾ യോജിക്കുന്നത്.' ഇവിടെ ബൈബിളിലെ ദൈവമില്ല, ദൈവരാജ്യമില്ല, ദൈവനിയമാണെന്ന അന്ധവിശ്വാസമില്ല. **'സൂത്രേമണിഗണാ'** ഇവ ചരടിൽ കോർത്ത് ബന്ധപ്പെടുത്തിയിരിക്കുന്ന മുത്തുമാല എന്ന ഭഗവദ്ഗീതാ വരിയാണത്. മേൽ വിവരിച്ച വരികൾ വളരെ ഉയർന്ന വിദ്യാഭ്യാസമില്ലാത്ത ഭാരതീയർക്കുപോലും അനുഭവത്തിന്റെ തലത്തിലൂടെ ഉൾക്കൊള്ളുവാൻ വിഷമമുണ്ടാകില്ല, കാരണം അവർ പുരാണകഥയിലൂടെയും കീർത്തനങ്ങളിലൂടെയുമെല്ലാം പറയുന്ന വരികളതാണ്. ....... **"തൂണിലും തുരുമ്പിലും** ........" "............. **ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവിൽ .....**" "...... **ശിവം ഭൂത്വാ ശിവം ഭജേത്, ...... ശിവോഹം ശിവോഹം"** എന്നെല്ലാം പറയുന്നവർക്കറിയാം പ്രപഞ്ചത്തിൽ **ഈശാവാസ്യമിദം സർവ്വം** ..... ആണെന്ന്. ഇതാണ് കാപ്ര തന്റെ പുസ്തകത്തിലൂടെ വിവരിച്ച ഭാരതീയ ശാസ്ത്രത്തിന്റെയും വീക്ഷണം. കാപ്രയുടെ വളരെ കനപ്പെട്ട ഒരു വരി നോക്കുക. "അതുകൊണ്ടുതന്നെ ന്യൂട്ടോണിയൻ സങ്കൽപത്തിൽ നിന്ന് ഭിന്നമായിട്ടുള്ള പൗരസ്ത്യ ചിന്താധാര, പ്രപഞ്ചത്തെ സമയവും മാറ്റവും (time and change) സ്വതസിദ്ധമായി ഉൾക്കൊള്ളുന്ന സ്വയം ക്രിയാത്മക (dynamic) ശക്തിയുള്ള ഒന്നായി കാണുന്നു." അതായത് കാപ്രയുടെ വരികളിൽ പ്രപഞ്ചത്തിന്റെ ഘടന എന്നുള്ളത്...... "ചലനാത്മകവും സചേതനവും, ദൈവഭാവവും, ആത്മതേജസും, ഭൗതീക സ്വഭാവവും ചേർന്ന ദ്രവ്യങ്ങളുടെ ആകത്തുകയാണ്."

ബൃഹദാരണ്യക ഉപനിഷത്തിലെ **അസതോ മാ സത്ഗമയാ, മൃത്യോർ മാ .....** എന്ന പ്രാർത്ഥനാ ശാന്തിമന്ത്രം ഉദ്ധരിച്ചുകൊണ്ട് കാപ്ര തന്റെ ഗ്രന്ഥത്തിൽ തുടരുന്നു. "ആധുനിക ശാസ്ത്രത്തിന്റെ അളവുകോലുകളുപയോഗിച്ച് അളെന്നെടുക്കാവുന്ന എല്ലാത്തിനുമുണ്ട് പരിമിതിയെന്ന് അവസാന നിമിഷത്തിൽ ബോധ്യപ്പെടുന്നു. ഹെയ്സൺ ബർഗ് പറഞ്ഞതുപോലെ ഭാഷയിലുപയോഗിക്കുന്ന പദങ്ങൾക്കുപോലുമുണ്ട് ചിന്താതീതമായ പരിമിതി. നാം വേർതിരിച്ചതും (classify) വർഗീകരിച്ചതും, ഗവേഷണ-നിരീക്ഷണം നടത്തിയതും, അളന്നു തിട്ടപ്പെടുത്തിയതുമായ എല്ലാവിഷയങ്ങളും വസ്തുതകളും വിവരിക്കേണ്ടതായ പദങ്ങൾക്കുപോലും പരിമിതിയുള്ളപ്പോൾ നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ഗവേഷണഫലങ്ങളെക്കുറിച്ച് എടുത്തുപറയേണ്ടതില്ലല്ലോ...."



Scanned with CamScanner

കാപ്ര ഹെയ്സൺബർഗിനെ ഉൾപ്പടെ ഉദ്ധരിച്ചുകൊണ്ടു പറഞ്ഞ മേലുദ്ധരിച്ച വരിയുടെ രണ്ടാംഭാഗം സാധാരണ ജീവിതത്തിൽ നമുക്കറിയാവുന്നതാണല്ലോ: കാലാവസ്ഥാ പ്രവചനം, രോഗനിർണയം, പ്രകൃതിക്ഷോഭം, ആരോഗ്യ-ഔഷധശാസ്ത്രം, മനഃശാസ്ത്രം, ഭക്ഷ്യശാസ്ത്രം, ഇവയെല്ലാം അത്യാധുനിക ശാസ്ത്രവികസനം സംഭവിച്ചപ്പോൾ എവിടെ നിൽക്കുന്നു? ഇന്നത്തെ സിദ്ധാന്തവും കണ്ടുപിടുത്തവും നാളത്തെ 'അന്ധ'വിശ്വാസമായിത്തീരുന്നു. എന്നാൽ അനുഭവത്തിന്റേയും അനുഭൂതിയുടേയും തലത്തിൽ അകക്കണ്ണുകൊണ്ട് ദർശിക്കാൻ സാധിച്ച പരമചൈതന്യത്തെ ഭാരതീയ ഋഷിവര്യന്മാർ എങ്ങിനെ വിവരിച്ചു എന്നു നോക്കുക "........ശബ്ദ-സ്പർശ-രസ- രൂപ-ഗന്ധ-ഭാവങ്ങളില്ലാത്തതും നിത്യമായതും, ആദിയും അന്ത്യവുമില്ലാത്തതും, അത്യുൽകൃഷ്ടവും, ജനനമരണത്തിനതീതവുമായ ഏതൊന്നാണോ ഉള്ളത് അത് നിർവികൽപം-നിരാകാരം എന്നിങ്ങിനെ ഭാരതീയർ വിവരിച്ചു" ഇതു കാപ്രയുടെ വരിയാണെന്നോർക്കുക.

വീണ്ടും കാപ്ര ഉപനിഷദ്‌വരികളുദ്ധരിക്കുന്നു. "പരമമായ സത്യത്തെ കണ്ണുകൊണ്ട് കാണുവാൻ സാദ്ധ്യമല്ല - **(യദ് ചക്ഷുഷാ ന പശ്യതി)** വാക്കുകൾകൊണ്ട് വിവരണം സാധ്യമല്ല - **(ന വാക് ഗച്ഛതി)**- അതറിയുവാൻ പോലും സാദ്ധ്യമല്ല - **(നോ മനഃ)** - പഠിക്കാൻ പോലും സാധ്യമല്ലാത്ത ഒന്നിനെക്കുറിച്ച് എങ്ങനെയാണ് പഠിപ്പിക്കുക....."

ഉപയോഗിക്കേണ്ട വാക്കുകൾക്ക് പരിമിതിയുണ്ടെന്നതാണ് ഇതിന്റെയർത്ഥം. ഏതെല്ലാം പദങ്ങൾ ഉപയോഗിച്ച്, ആരെല്ലാം, എപ്പോഴെല്ലാം വിവരിച്ചിട്ടുണ്ടെങ്കിലും, വിവരിക്കുന്നുണ്ടെങ്കിലും ആ വിവരണങ്ങളിലെല്ലാം കാണുന്നത്, അറിയുന്നത്, വ്യക്തിയുടെ അറിവ്, വിവരണരീതി, കേൾക്കുന്ന/ വായിക്കുന്ന വ്യക്തിയുടെ ഉൾക്കൊള്ളാനുള്ള കഴിവ്, മറ്റു പ്രത്യേകതകൾ, വിവരിക്കുന്ന വ്യക്തിയുടെ പരിമിതികൾ, വിശ്വാസത്തിന്റെ സ്വാധീനം, ഇവയെല്ലാം ചേർത്താണ് (ശാസ്ത്രജ്ഞർ) പറയുന്നത് നാം മനസ്സിലാക്കുന്നത്. അതായത് ആധുനിക ശാസ്ത്രം പരമമായ സത്യത്തെ നിർവചിക്കാനൊരുമ്പെട്ടാൽ പരിമിതികളുടെ പാശങ്ങളിൽ നിന്ന് മോചനം നേടിയ ഒരു നിർവചനം (പരമസത്യത്തെക്കുറിച്ച്) അസാധ്യമാണ്. അനുഭവതലത്തിലേ അതിനെ അനുഭവിച്ചറിയാൻ സാധ്യമാകു എന്നർത്ഥം.

**അനുഭൂതിയുടെ തലം ശാസ്ത്രത്തിനുമുണ്ട്**

പ്രപഞ്ചത്തിന്റെ തനതായ സ്വരൂപത്തെക്കുറിച്ചോ അടിസ്ഥാന ഘടകങ്ങളായ പരമാണുക്കളെക്കുറിച്ചോ സബ് ആറ്റമിക് കണങ്ങളെ



Scanned with CamScanner

ക്കുറിച്ചോ ചിന്തിക്കണമെങ്കിലും, അവയുടെ ഉൾക്കാഴ്ച ലഭിക്കണമെങ്കിലും വികാസം പ്രാപിച്ച മനസ്സും, മസ്തിഷ്കവും, അനുഭവത്തിന്റേയും അനുഭൂതിയുടേയും തലത്തിലേക്ക് ഉയർത്താൻ വ്യക്തിക്ക് കഴിയണം. അതായത് വ്യക്തി യോഗിയുടെ തലത്തിലേക്കുയരണം ശാസ്ത്രമണ്ഡലത്തിൽ പരീക്ഷണങ്ങൾ പുനരാവർത്തിക്കുന്നതു പോലെ (repeatability) അനുഭൂതി തലത്തിൽ അനുഭവങ്ങൾ പുനരാവിഷ്ക്കരിക്കാൻ സാധിക്കുന്നവിധത്തിൽ മസ്തിഷ്കത്തെ വികസിപ്പിക്കണം. അതിന് സാധന ചെയ്യിക്കണം. ദൃഷ്ടാവിന്റെ മാത്രമല്ല അവനോടൊപ്പം അനുഭവാനുഭൂതി പങ്കിടാൻ ആഗ്രഹിക്കുന്നവർക്കും ലഭ്യമാകും വിധത്തിൽ സാധനാരീതി വികസിപ്പിക്കണം. അതിനാണ് നിരന്തര ഉപാസനാ എന്നുപറയുന്നത്. ആ സാധന നടത്തിയവരായിരുന്നു ഭാരതീയ ഋഷിവര്യന്മാരും, നമ്മുടെ പൂർവ പിതാമഹന്മാരും. സാധനയിൽ തെളിഞ്ഞുകാണുവാൻ സാധിക്കുന്നതെന്താണെന്ന്, ബെർക്കിലി യുണിവേഴ്സിറ്റി പ്രൊഫസറുടെ പദങ്ങളുപയോഗിച്ച് തന്നെ വിവരിക്കട്ടെ. "ഹിന്ദുവിന്റെ മസ്തിഷ്കത്തിൽ ഉദയം ചെയ്ത അനവധി ദേവതാരൂപങ്ങളുണ്ട്, അവതാരങ്ങളുണ്ട്, അതുമായി ബന്ധപ്പെട്ട അനവധി കഥകളുമുണ്ട്. ഇവയെല്ലാം മനോമണ്ഡലത്തിലുദയം ചെയ്തതാണെന്ന് ഹിന്ദുവിനറിയാം. ശാശ്വത സത്യങ്ങളുടെ വിവിധ മുഖങ്ങളാണിതിലുള്ളതെന്നും ഹിന്ദുവിനറിയാം. കഥകൾക്ക് ആകർഷണീയതയുണ്ടാക്കുവാനുള്ളതല്ല ഈ ഈശ്വരരൂപ ഭാവങ്ങൾ എന്നുമവർക്കറിയാം. പ്രപഞ്ചത്തെ, മനസ്സിന്റേയും മസ്തിഷ്കത്തിന്റേയും അനുഭൂതി തലത്തിൽ ദർശിച്ച്, മനസ്സിൽതന്നെ വരച്ചതാണീ ദേവീ-ദേവന്മാരുടെ രൂപഭാവങ്ങൾ! പ്രപഞ്ചസത്യങ്ങളും തത്വങ്ങളും വിവരിക്കാനുള്ള പന്ഥാവുകളാണീ രൂപങ്ങൾ ....." കാപ്രയാണിപ്രകാരം പ്രഖ്യാപിച്ചത്.

പ്രപഞ്ചത്തിലെ ഓരോ ചലനവും ദ്രവ്യവും തന്നെ ഈശ്വരാംശമെന്ന് വിവരിക്കാൻ സാധിച്ചവരാണ് ഭാരതീയർ. ഈ പ്രപഞ്ചത്തെ, അതിൽ നിന്ന് വേറിട്ട് സ്ഥിതി ചെയ്ത് ഭരിച്ചയാളായി ദൈവത്തെ കാണുന്ന രീതിയല്ല ഭാരതത്തിന്റേത്. ന്യൂട്ടൺ, ദൈവത്തേയും ദൈവസൃഷ്ടിയേയും കണ്ടതെങ്ങിനെയാണെന്നറിയുമ്പോഴാണ് ലോകപ്രശസ്തനായ സർ ഐസക്ന്യൂട്ടന്റെ അന്ധവിശ്വാസ നിലവാരം ഭാരതീയരുടെ ശാസ്ത്രീയ നിലവാരവും വേർതിരിച്ചറിയാൻ നമുക്ക് സാധിക്കുന്നത്. ന്യൂട്ടോണിയൻ ഫിസിക്സിൽ ന്യൂട്ടൺ വ്യാഖ്യാനിച്ചതിനെക്കുറിച്ച് കാപ്ര പറയുന്നു. (ഇനി എഴുതുന്നത് ന്യൂട്ടന്റെ വരികളാണ്). **"എനിക്ക് തോന്നുന്നു, ഒരു പക്ഷേ തുടക്കത്തിൽ ദൈവം സൃഷ്ടി**ച്ചത് ഖരരൂപത്തിൽ കട്ടിയുള്ള, ചലനാത്കമായ കണങ്ങളെയാണ്.



Scanned with CamScanner

അവ അസാധാരണമാം വിധം കട്ടികൂടിയതായിരുന്നു. ദൈവം സ്വയം നിർമ്മിച്ചതിനെ സാധാരണ ശക്തികൊണ്ട് പിളർക്കാൻ സാധ്യമല്ല തന്നെ". ദൈവസൃഷ്ടി, കട്ടികൂടിയ ദൈവസൃഷ്ടി, ഇതൊക്കെ ന്യൂട്ടണെ ആരാധിക്കുന്ന ബുദ്ധിജീവികൾക്ക് ദഹിക്കുമോ ? ശാസ്ത്ര ഭാഷയിൽ, പടിഞ്ഞാറൻ ശാസ്ത്രത്തെ അനുകൂലിക്കുന്ന കേരളത്തിലെ ബുദ്ധിജീവികൾക്ക് (ജരാനരയും വാർദ്ധക്യവും ബാധിക്കുന്നതുവരെ) ഏതു ദൈവം? എന്തു ദൈവം?

ഇവിടെ ഭാരതീയ ഉപനിഷദ് സന്ദേശത്തെ ഉദ്ധരിച്ചുകൊണ്ട് ശാസ്ത്രജ്ഞർ പറഞ്ഞത് ഭഗവദ്ഗീതയിലെ വരിയാണ്. ദ ടാവോ ഓഫ് ഫിസിക്സിലിതുണ്ട്. അപ്രകാരംതന്നെ ഇവിടേയും ഉദ്ധരിക്കട്ടെ (കാപ്ര ഉദ്ധരിച്ച വരികളാണിവ)

"1. പ്രകൃതി ശക്തികളുടെ പരസ്പര പൂരകമായ പ്രവർത്തനത്തിൽ അതാതു സമയത്തും കാലത്തും, ഓരോ പ്രതിഭാസങ്ങൾ നടന്നുകൊണ്ടേയിരിക്കും. അജ്ഞാനത്താൽ ചില മനുഷ്യർ ചിന്തിക്കുന്നു - ഞാനാണിത് ചെയ്യുന്നത് എന്ന്. പ്രകൃതിയുടെ സ്വതസിദ്ധമായ ചൈതന്യത്തെക്കുറിച്ചാണല്ലോ ഈ വിവരണത്തിൽ പറയുന്നത്. (ഗീതയിലെ മൂന്നാം അദ്ധ്യായത്തിലെ 27, 28 ശ്ലോകങ്ങളുടെ സന്ദേശവും കാപ്ര നൽകുന്നു)

2. പ്രകൃതിയിലെ ശക്തിയും (natural forces) പ്രകൃതിയിലെ പ്രവർത്തനവും (natural actions) പരസ്പരം പ്രവർത്തികുന്നത് (acting) ജ്ഞാനികൾ കണ്ട് വ്യക്തമായി ബോധ്യപ്പെടുന്നു."

വൈദ്യുതിയുടെ കാര്യത്തിൽ നാം കാണുന്നതുപോലെ ഒരേ ഊർജ്ജമാണ് പലതായി പ്രതിഫലിക്കുന്നത്. പ്രപഞ്ചത്തിലെ എല്ലാ ഊർജ്ജശാഖകളും അതേപ്രപഞ്ചത്തിലെ പ്രവർത്തന പ്രതിപ്രവർത്തനത്തിലൂടെ ബന്ധപ്പെട്ടിരിക്കുന്നു. എല്ലാ ഊർജ്ജവും ഒന്നിന്റെ വിവിധ മാനിഫെസ്റ്റേഷനാണെങ്കിൽ അത് വേദത്തിൽ നിർവ്വചിച്ചിരിക്കുന്നതിപ്രകാരമാണ്. **ഏകം സദ് വിപ്രാ: ബഹുദാ വദന്തി.** ഏകം എന്നത് ബ്രഹ്മചൈതന്യം.

ആ ഒന്ന് - ഏകം, അതിന് ഭാരതീയർ ബ്രഹ്മം എന്ന് പേര് നൽകി. അതാണ് എല്ലാ ഊർജ്ജത്തിന്റേയും ദ്രവ്യത്തിന്റേയും അടിസ്ഥാനമെന്നും അവർ പറഞ്ഞു. **ബ്രഹ്മ സത്യം ജഗദ്മിഥ്യ.** സത് + സത്യം + വസ്തുത (essence + truth + fact) ഇവ ചേർന്നതാണ് 'സത്യം'. അതു ബ്രഹ്മമാണ്. ഈ ജഗത്തിൽ കാണുന്നതൊക്കെയും



Scanned with CamScanner

മിഥ്യയാണ്. ദ്രവ്യത്തെ ഐൻസ്റ്റീന്റെ ഇക്വേഷൻ പ്രകാരം $E = Mc^2$ ആക്കി എന്ന് വിചാരിക്കുക. ഇവിടെ M എന്നത് ദ്രവ്യം E എന്ന ഊർജ്ജം. ദ്രവ്യത്തിന്റെ താൽകാലികാവസ്ഥയിൽ നിന്ന് E എന്ന അവസാനത്തെയും ശാശ്വതവും, ജനനമരണങ്ങളില്ലാത്തതുമായ അവസ്ഥയായ ഊർജ്ജമായി, ദ്രവ്യത്തിന്റെ സത് അവസാനിക്കുന്നു. (Energy can neither be created nor be destroyed.....) ജീവജാലങ്ങളിലെ ജീവൻ മിഥ്യയാണോ എന്ന് സംശയമുദിച്ചാൽ ഉത്തരമുണ്ട്. ജീവൻ മിഥ്യയല്ല. അതും ബ്രഹ്മമാണ്. **ജീവോ ബ്രഹ്മൈവ നാഽപരാ** ജീവൻ ബ്രഹ്മമല്ലാതെ മറ്റൊന്നുമല്ല.

**ബ്രഹ്മചൈതന്യത്തിനൊരു ശാസ്ത്ര നിർവ്വചനം**

ഒന്നുകൂടി പുറകോട്ട് ഓർമ്മയെ കൊണ്ടുപോകാം പ്രപഞ്ചത്തിലെ ചൈതന്യം വിഷ്ണുവായോ, ബ്രഹ്മാവായോ, ശിവനായോ പ്രതീകാത്മകമായി വിവരിച്ചതിനുശേഷം അതുതന്നെയാണ് രൂപഭാവങ്ങളില്ലാത്ത ബ്രഹ്മമെന്ന അവസ്ഥ പ്രാപിക്കുന്നത് (ചിന്താ-മനോമണ്ഡലത്തിൽ) എന്നു വിവരിച്ചത് പ്രയോഗത്തിൽ വരുമ്പോൾ (applied spirituality) **ശിവോഹം, അഹംബ്രഹ്മാസ്മി, തത് ബ്രഹ്മാ ത്വമസി (തത്വമസി), അയം ആത്മാ ബ്രഹ്മ, പ്രജ്ഞാനം ബ്രഹ്മ, ചക്ഷു ബ്രഹ്മ, ശബ്ദബ്രഹ്മം, വായു പ്രത്യക്ഷബ്രഹ്മം ......** എന്ന് വേദ-വേദാന്തങ്ങൾ ഉൽഘോഷിച്ചു ഇതെങ്ങിനെ വിവരണത്തിനായി ലഭ്യമാക്കാം എന്ന് കേനോപനിഷത്തിലെ വരികൾ നോക്കിയാൽ മനസ്സിലാകും.

**യത് ചക്ഷുഷാ ന പശ്യതി യേന ചക്ഷുംഷി പശ്യതി, യത് ശ്രോത്രേണ ന ശൃണോതി യേന ശ്രോത്രമിദം ശ്രുതം, യത് മനസാ ന മനുതേ യേനാഹുർ മനോമതം തദേവ ബ്രഹ്മത്വം വിദ്ധി.....**

ഏതൊന്നാണോ കണ്ണുകൊണ്ട് കാണാൻ സാധിക്കാത്തത് ഏതൊന്നിനാലാണോ കണ്ണിലൂടെ കാണുവാൻ സാധിക്കുന്നത്, ഏതൊന്നാണോ കേൾക്കാൻ ...... സാധിക്കാത്തത് ഏതൊന്നിനാലാണോ ചെവിയിലൂടെ നാം കേൾക്കുന്നത്, ഏതൊന്നാണോ മനസ്സുകൊണ്ട് മനനം ചെയ്യാൻ സാധിക്കാത്തത്, ഏതൊന്നിന്റെ സാന്നിദ്ധ്യത്താലാണോ മനസ് മനനം ചെയ്യുക എന്ന പ്രവൃത്തി ചെയ്യുന്നത്. അതുതന്നെയാണ് ബ്രഹ്മചൈതന്യമെന്നറിയുക. അതായത് **അഹം ബ്രഹ്മാസ്മി** എന്ന് വീക്ഷിക്കാൻ കാരണം, എന്റെ ശരീരത്തിലെ ഓരോ കോശവും സ്വയം പ്രവർത്തിക്കാൻ വേണ്ടതായ ചൈതന്യവും മാർഗനിർദ്ദേശവും നൽകുന്ന ഒരു ചൈതന്യം ഓരോ കോശത്തിലുമുണ്ട്. ആ ചൈതന്യം എന്റെ ശരീരത്തിലിരിക്കുന്നിടത്തോളം അഹം ബ്രഹ്മാസ്മി എന്ന പദം



Scanned with CamScanner

എനിക്ക് ബാധകമാണ്. ആ ചൈതന്യം എന്നിൽ നിന്ന് നഷ്ടമായാൽ **ശിവോ/ഹം** എന്ന ഞാൻ **ശവോ/ഹ**മാകുമല്ലോ! അപ്പോൾഎന്നിൽ നിന്ന് വിട്ടുപോയത് **അയം ആത്മാ ബ്രഹ്മ** എന്ന ആത്മാവ് (ബ്രഹ്മം). അതെവിടെ നിന്നു വന്നു? പ്രപഞ്ചത്തിൽ നിന്ന്! അതെവിടേക്കു പോയി? പ്രപഞ്ചത്തിലേക്ക്! അപ്പോൾ അത് ഈ പ്രപഞ്ചത്തിലെവിടേയും വ്യാപിച്ചുകിടക്കുന്നുണ്ട്. ജീവജാലങ്ങളും, നക്ഷത്രങ്ങളും, ഗാലക്സികളും ജനിക്കുകയും മരിക്കുകയും ചെയ്യുമ്പോൾ ബ്രഹ്മചൈതന്യാംശം വരുന്നതും പോകുന്നതും എവിടെ നിന്ന്? പ്രപഞ്ചത്തിൽ നിന്നു തന്നെ! ഈ പ്രപഞ്ചത്തിൽ ഒരു 'കൂട്ടം' ഒരുമിച്ചു വരുമ്പോൾ അത് സൃഷ്ടിയാകും. അതെല്ലാം ഒരിക്കൽ നശിക്കുന്നത് പ്ര+ലയം അഥവാ പ്രളയമാകും (അലിഞ്ഞു ചേരുക എന്നർത്ഥം) ഏതിനോട് അലിഞ്ഞുചേരുന്നു? ഏതിൽ നിന്നാണോ വന്നത് അതിലലിഞ്ഞു ചേരുന്നു. പ്രപഞ്ചത്തെ വിശ്വമായിക്കണ്ടാൽ വിശ്വത്തിൽ നിന്നു വന്നത് വിശ്വത്തിലേക്കുപോകും. വിശ്വത്തെ വിഷ്ണുവായി കണ്ടാൽ, സൃഷ്ടിയും പ്രളയവും 'വിഷ്ണു' എന്ന പ്രപഞ്ചത്തിന്റെ പ്രതിഭാസമായിത്തീരും. ആ പ്രപഞ്ചരൂപത്തിലുള്ള വിശ്വരൂപത്തെ ദിവ്യചക്ഷുസുകൊണ്ട് കണ്ടപ്പോളാണ് അർജ്ജുനൻ ഞെട്ടിയത്. (സ്റ്റീഫൻ ഹോക്കിൻസിന്റേയും, കാപ്രയുടേയും, ഹെയ്സൻ ബർഗിന്റേയും, ഭാരതീയാടിസ്ഥാനത്തിലുള്ള പ്രപഞ്ചശാസ്ത്രവിവരണം കണ്ടപ്പോൾ കേരളത്തിലെ ബുദ്ധിജീവികളിൽ ചിലർ പിടക്കുന്നതുപോലെ)

സർവ്വചരാചരങ്ങളിലും ഒരേ ചൈതന്യം മാനിഫെസ്റ്റ് ചെയ്യുന്നു എന്ന കാപ്രയുടെ വരികൾ ഭാഗവതത്തിലെ സംസ്കൃത വരികളിൽ അന്വേഷിച്ചാൽ ഇപ്രകാരം വായിക്കാം. **ഏക ഏവ ഹി ഭൂതാത്മാ ഭൂതേ ഭൂതേ വ്യവസ്ഥിതാ ഏകധാ ബഹുധാ, ചൈവ ദൃശ്യതേ ജല ചന്ദ്രവത്** പ്രപഞ്ചത്തിലെ സർവതിനും ആധാരമായ ഒരേ ചൈതന്യം എല്ലാ ചരാചരങ്ങളിലും വസിക്കുന്നു. ഒന്നെന്നും അല്ല പലതാണെന്നും പറയപ്പെടുന്ന അത് യഥാർത്ഥത്തിൽ ആകാശത്തിലുള്ള (ഒരേ ഒരു) ചന്ദ്രൻ വിവധ ജലാശയത്തിൽ പ്രതിഫലിക്കുന്നതുപൊലെ, മാനിഫെസ്റ്റ് ചെയ്യുന്നു എന്നു മാത്രം. ബ്രഹ്മസൂത്രം പോലുള്ള ഗ്രന്ഥങ്ങളിൽ **ജലാർക്കവത്** എന്ന പ്രയോഗം സർവസാധാരണമാണ്. ഒരേ ഒരു സൂര്യൻ വിവിധ ജലാശയങ്ങളിൽ പ്രതിഫലിക്കുന്നത് ആത്മാവ് വിവിധ ജീവജാലങ്ങളിൽ പ്രതിഫലിക്കുന്നതുപോലെയെന്നർത്ഥം.

വളരെ കാതലായ ഒരു വിഷയം മേൽ വിവരിച്ചതിൽ ശ്രദ്ധിക്കേണ്ടതുണ്ട്. ദൈവം ആദത്തെ (ബി.സി. 4112 ഒക്ടോബർ മാസത്തിൽ) സൃഷ്ടിച്ചു. ആദത്തിന്റെ വാരിയെല്ലെടുത്ത് ഹവ്വയെ സൃഷ്ടിച്ചു! ദൈവം

നിർദ്ദേശിച്ചു! ഇളം വെയിലിൽ ദൈവം നടന്നു! ബൈബിളിലെ ഇത്തരത്തിലുള്ള ഒരു ദൈവവിവരണം പോലെയല്ല ഭാരതീയ ഈശ്വരസങ്കൽപം. ഈ പ്രപഞ്ചചൈതന്യമെന്ന ഈശ്വരചൈതന്യം തന്നെ അതായിത്തീരുകയാണ്. മറ്റൊരു ഭാഗവതവരി ശ്രദ്ധിക്കുക. **സൃഷ്ട്വാ പുരാനി വിവിധാന്യജയാത്മശക്ത്യാ വൃക്ഷാൻ സരീൻ സിരാൻ ദംഷ്ട്ര ദംശ മത്സ്യാൻ .... ബ്രഹ്മാവലോകധിഷണം പുരുഷം വിധായ** ..................
ഈ ബ്രഹ്മ ചൈതന്യം സ്വയം, പണ്ട് സർവ്വജീവജാലങ്ങളെയും സൃഷ്ടിച്ച് (സ്വയം അതായിത്തീർന്ന്), ഈ ചൈതന്യത്തെക്കുറിച്ച് അറിയാനും ധിഷണാശക്തിയുമുള്ള മനുഷ്യനെയും സൃഷ്ടിച്ച് .......... (ഇവിടെ ബ്രഹ്മചൈതന്യം ജീവനായി പരിണമിക്കുന്നു.) ബ്രഹ്മചൈതന്യത്തിന് യഹോവ എന്ന ബൈബിൾ ദൈവത്തിന്റെ രാജപദവിയല്ല (സർ ഐസക് ന്യൂട്ടൺ ധരിച്ചതുപോലുള്ള രാജദൈവമല്ലാ, മറിച്ച് സ്വയം അതായിത്തീരുന്ന ഒരു ചൈതന്യമാണ് ബ്രഹ്മം. Manifestation of the universal energy യാണിവിടെ വിഭാവനം ചെയ്യുന്നത്. കാപ്രയുടെ ശാസ്ത്രവരികൾ ഇതുമായി താരതമ്യം ചെയ്യുക ".......... ഈ അടിസ്ഥാനപരമായ പ്രപഞ്ചചൈതന്യത്തിന്റെ ഏകത്വം (basic oneness of the universe) തന്നെയാണ് ആധുനിക ഊർജ്ജ ശാസ്ത്രത്തിന്റേയും പ്രധാന കണ്ടുപിടുത്തം. (The most important revealation of modern physics)"

**ആധുനിക ശാസ്ത്രം അദ്വൈതത്തിലേക്ക്**

ആധുനികശാസ്ത്രം ലക്ഷ്യമിടുന്നത് ഈ ഉപനിഷദ് വരിയിലെ വിവരണം തന്നെയാണ്, കാപ്ര ആണയിടുന്നു. "ഏതൊന്നിലാണോ ഭൂമിയും ആകാശവും, അന്തരീക്ഷവും പരസ്പരം ബന്ധിക്കുന്നത് അതാണ് പരമമായ ചൈതന്യം" ദ ടാവോ ഓഫ് ഫിസിക്സിലെ 11-ാം അദ്ധ്യായം തന്നെ 'Beyond the world of opposites' 'എതിർ ദിശയിൽ നിൽക്കുന്ന രണ്ട് എന്നതിനപ്പുറം'. അതെന്താണ്? രണ്ടല്ലാത്തത് = ഒന്ന്. ഇവിടെ ഒന്ന് എന്നു പറയുന്നതിനേക്കാൾ കാപ്ര തെരഞ്ഞെടുത്ത പദം രണ്ടിനപ്പുറമുള്ളതും രണ്ടല്ലാത്തതും - അദ്വൈതം. ഈ അദ്വൈതമെന്ന രണ്ടല്ലാത്തതിലാണല്ലോ ഭാരതീയ ദർശനങ്ങളെല്ലാം അന്ത്യത്തിലെത്തിചേരുന്നത്. ദ്വൈതം പോലും അദ്വൈതത്തിന്റെ മാർഗേയുള്ള ഒരു തോന്നൽ മാത്രമാണല്ലോ.

ദേശകാലാതീതമായ (beyond the space & time) ഈ പരമയാഥാർത്ഥ്യത്തെ space - time എന്നിവയുമായി ബന്ധിപ്പിച്ചേ മതിയാകൂ എങ്കിൽ അത് സ്വാമി വിവേകാനന്ദനെ ഉദ്ധരിച്ചുകൊണ്ട് കാപ്ര ഇങ്ങി



Scanned with CamScanner

നെയെഴുതി. "Time, space and causation are like the glass through which the absolute is seen................ In the absolute there is neither the time, space nor the causation....."

അപരിമിതവും, അനന്തവും, അനാദിയുമായ പ്രപഞ്ചത്തെ മനോമണ്ഡലത്തിന്റെ ദിവ്യദൃഷ്ടികൊണ്ട് ഒന്ന് ദർശിച്ചാൽ കാണുന്നതെന്തോ അതാണ് ഭാരതീയർ വേദോപനിഷത്തുക്കളിലൂടെ പറഞ്ഞതും ഇന്നത്തെ വിശ്വശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ച് വിവരിച്ചുകൊണ്ടിരിക്കുന്നതും. The dynamic universe എന്ന പദപ്രയോഗം നടത്തുമ്പോൾ ആധുനികശാസ്ത്രം കൈകാര്യം ചെയ്യുന്നവർ അക്കമിട്ടു പറയുന്നത് ശ്രദ്ധിച്ചു വായിക്കൂ. (ഈ ശാസ്ത്രസത്യവിവരണത്തിന് ഗീതാവരികൾ ഉദ്ധരിച്ചതു ഞാനല്ല, കാപ്രയാണ്!)

1. "സൃഷ്ടിയുടെ പകലാരംഭിക്കുമ്പോൾ എല്ലാം 'എന്നിൽ' നിന്നു ത്ഭവിക്കുന്നു."

2. "ഇവിടെ നടക്കുന്നതെല്ലാം കാലചക്രത്തിന്റെ ഭാഗമായി തിരിഞ്ഞുകൊണ്ടേയിരിക്കുന്നു."

3. "എന്നാൽ ഇതിലൊന്നും 'ഞാൻ' ബന്ധിതനല്ലതന്നെ. ഈ പ്രപഞ്ചനാടകങ്ങൾ നിരീക്ഷിച്ചുകൊണ്ടേയിരിക്കുന്നത് 'ഞാനാ'ണ്.

4. ഈ പ്രപഞ്ചസൃഷ്ടിയുടെ എല്ലാം തന്നെ, സൃഷ്ടി സ്ഥിതി സംഹാരമെന്ന ചക്രത്തിലൂടെ കടന്നുപോകുന്നത് ഞാൻ സദാ നോക്കിക്കണ്ടുകൊണ്ടിരിക്കുന്നു. (ഗീതയിലെ 9-ാം അദ്ധ്യായത്തിലെ 7 മുതൽ 10 വരെയുള്ള വരികളാണിത്. ഇവിടെ 'ഞാൻ' 'എന്നിൽ' എന്നീ പദങ്ങൾ പ്രപഞ്ചത്തിന്റെ പ്രവർത്തന-പ്രതിപ്രവർത്തനങ്ങളെ അർത്ഥശങ്കക്കിടമില്ലാത്തവിധത്തിൽ വിവരിക്കുന്നു എന്നു ശാസ്ത്രവും, ശാസ്ത്രജ്ഞനും പ്രഖ്യാപിക്കുന്നു.

. "ഈ Rhythmic dynamic divine play കണ്ടവരാണ് ഹിന്ദുക്കൾ" എന്ന് കാപ്ര ചൂണ്ടിക്കാണിക്കുന്നു. "ഈ പ്രപഞ്ചം ഓരോ കൽപത്തിലും വികസിക്കുകയും ചുരുങ്ങുകയും ചെയ്യുന്നു എന്നുമവർ (ഹിന്ദുക്കൾ) കണ്ടിരുന്നു."

പ്രപഞ്ചത്തെ, ബ്രഹ്മത്തിന്റെ മാനിഫെസ്റ്റേഷനായി കണ്ടവരായ ഋഷിമാരുടെ പദങ്ങൾ ഛാന്ദോഖ്യ ഉപനിഷത്തിൽ നിന്നെടുത്ത്, ശാസ്ത്രവും ചേർത്ത് ആംഗല ഭാഷയിൽ കാപ്ര വിവരിക്കുന്നു. (ബ്രാഹ്മൺ എന്നു വായിക്കരുത്. ബ്രഹ്മൻ എന്നാണ് വായിക്കേണ്ടത്.)



Scanned with CamScanner

Brahman is life ! Brahman is joy ! Brahman is the void ........... joy, verily that is the same as the void !

The void, verily, that is the same as joy.

ഇതിനെ നമ്മുടെ ഭാഷയിൽ ഒന്ന് സംക്ഷിപ്തമാക്കുമ്പോൾ നിർവചനമെന്തായിരിക്കും എന്നു പരിശോധിക്കാം

ബ്രഹ്മമെന്നത് എല്ലാത്തിന്റേയും 'സത്ത്' ആണല്ലോ. ബ്രഹ്മമെന്നത് മാനസീക സാധനയിലൂടെ നോക്കിക്കാണുമ്പോൾ അത് എല്ലാത്തിലുമുള്ള ചിത്ത് ആയിത്തീരുന്നു. ബ്രഹ്മമെന്നത് എല്ലാത്തിന്റേയും പരമമായ ഊർജ്ജാവസ്ഥാവിശേഷം എന്നാൽ ആനന്ദം. മൂന്നും ചേർത്താൽ ബ്രഹ്മം എന്നതിനുള്ള നിർവചനമായിത്തീരുന്നു. സത് + ചിത് + ആനന്ദം = സദ്ചിദാനന്ദം. ഈ പദത്തെ വീണ്ടും ടാവോ ഓഫ് ഫിസിക്സിൽ നിർവചിക്കുന്നു, കാപ്ര.

Tranquil, let one worship it.

As that from which, 'he' came forth

As that into which 'he' will be dissolved

As that in which 'he' breaths

ഇവിടെ 'he' ഉദയം ചെയ്യുന്നതും, ലയിച്ചില്ലാതാകുന്നതും മാനിഫെസ്റ്റ് ചെയ്യുന്നതും എല്ലാം ചേർത്ത് ലോകത്തിലെ എല്ലാ ഭാഷയിലും പരിശോധിച്ചന്വേഷിച്ചാലും ലഭിക്കാത്ത ഒന്ന്, മൂന്നിൽ നിന്നൊന്ന് (സത് + ചിത് + ആനന്ദം OR സൃഷ്ടി + സ്ഥിതി + സംഹാരം) ലഭിച്ചതാണ് സദ്ച്ചിദാനന്ദം. ഈ സങ്കൽപം ഭാരതത്തിൽ മാത്രമേയുള്ളൂ എന്നുറപ്പാണ്. (സത് എന്നത് അടിസ്ഥാനഘടകം, ചിത് എന്നത് മനസ്സിന്റെ സങ്കൽപഭാവം, ആനന്ദമെന്നത് അനുഭൂതി ഭാവം). അടിസ്ഥാനഘടകങ്ങൾക്ക് മനസ്സിൽ അനന്ദാനുഭൂതി ജനിപ്പിക്കുവാൻ സാധിക്കുമെന്നത് ഉപരിപ്ലവമായിപോലും ചിന്തിക്കാൻ സാധിക്കുന്നതാണല്ലോ.

ഈ ലേഖനത്തിന്റെ തുടക്കത്തിലേക്ക് ഒരിക്കൽകൂടി പോകാം. **അണോരണീയാൻ മഹതോ മഹീയാൻ ആത്മാ ഗുഹായാം നിഹിതോ *f*സ്യജന്തോ:**

ഓരോ അണുവും, ഈ പ്രപഞ്ചവും, ജീവജാലങ്ങളുടെ കോശങ്ങളും ഓരോ സെല്ലിനകത്തെ മോളിക്യൂളുകളും അതിശക്തമായി കർമ്മനിരതമാണ്. അതായത് "Integral parts of an inseparable network of interactions. This interaction involve a ceaseless flow of energy

manifesting itself as the exchange of particles - a dynamic interplay in which particles are created and destroyed without end in a continual variation of energy pattern...." കാപ്ര എഴുതിയതാണിത്.

**പ്രപഞ്ചനടനമെന്ന ശാസ്ത്രം**

ഊർജ്ജവും ദ്രവ്യവും പരസ്പരം മാറ്റി മറിച്ചുകൊണ്ടും മാറി മറിഞ്ഞുകൊണ്ടും സൃഷ്ടി സ്ഥിതി സംഹാരത്തിന്റെ ഒരു പ്രപഞ്ചഘടകനടനം! വേർതിരിക്കാൻ അസാധ്യമാംവിധം പരസ്പരം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്ന ഘടകങ്ങളുടെ നടനം! ഊർജ്ജം ചിന്നിച്ചിതറി പുറത്തേക്കൊഴുക്കിയും, അകത്തേക്കെടുത്തുമുള്ള നടനം. നടനത്തിലെ അംഗചലനങ്ങളിൽ ഊർജ്ജാഗിരണ വികരണങ്ങളിൽ ഏറ്റക്കുറച്ചിലുകളുണ്ടാകുന്നതുപോലെ പ്രപഞ്ചഘടകത്തിലെ തീവ്രചലനങ്ങളെ യൂണിറ്റുകളാക്കി ചിന്തിച്ച് ചിത്രീകരിച്ചാൽ (അകക്കണ്ണിൽ) ദർശിക്കാവുന്ന ഏറ്റക്കുറച്ചിലുകളുള്ള നടനം. പ്രപഞ്ചത്തിന്റേയും പ്രപഞ്ചഘടകങ്ങളുടേയും ആദിയും അന്ത്യവുമില്ലാത്ത നടനമാണ് ആധുനിക ശാസ്ത്രത്തിന് ഏറ്റവും സ്വീകാര്യമായ പ്രപഞ്ചാവസ്ഥയുടെ വർണന. മൈക്രോകോസമെന്ന സൂക്ഷ്മത്തിലും മാക്രോകോസമെന്ന ബൃഹത്തായതിലുമുള്ള നൃത്തം !

**മൈക്രോകോസത്തിന്റെ നടനം**

അണോരണീയാൻ ......... എന്ന പദത്തിലെ മൈക്രോകോസത്തിന്റെ നടനം (അതിസൂക്ഷ്മമായവയുടെ) നൃത്തം ഒന്നു വിവരിക്കാം.

പ്രപഞ്ചനിയമമനുസരിച്ച്, ന്യൂക്ലിയസിനുചുറ്റും അനവധി ഇലക്ട്രോണുകൾ അസാധാരണമായ വേഗതയിൽ ചലിക്കുന്ന നൃത്തം. കൃത്യമായ പന്ഥാവുകളിലൂടെ s, p, d, f, ....... ഓർബിറ്റലുകളിലൂടെ - ആദിയുമന്തവുമില്ലാതെ ഇവ നൃത്തം ചെയ്യുന്നു.

ഓരോ ആറ്റത്തിലേയും കേന്ദ്രത്തിലുള്ള ന്യൂക്ലിയസ് ഓരോ സെക്കന്റിലും 3.2 ദശലക്ഷം പ്രാവശ്യം സ്വയം കറങ്ങി നൃത്തം ചെയ്യുന്നു. രണ്ടോ അതിൽ കൂടുതലോ ആറ്റങ്ങൾ ചേർന്ന് മോളിക്യൂളുകളായി കൈകോർത്തു പിടിച്ച് അവയും നൃത്തം വയ്ക്കുന്നു. വായുവിന്റെ മോളിക്യൂളുകളുടെ നൃത്തമാണല്ലോ കാറ്റ്. ജലത്തിന്റെ മോളിക്യൂളുകളുടെ നൃത്തമാണ് കടൽതിര. ശബ്ദതരംഗങ്ങളുടെ പ്രസരണം വായുമോളിക്യൂളുകളുടെ ശാന്തമായ നൃത്തതരംഗത്തിലൂടെയാണ് നടക്കുന്നത്. ഓരോ പൊടിപടലവും ബ്രൗണിയൻ മൂവ്മെന്റ് എന്ന നൃത്തത്തിന് വിധേയമായിക്കൊണ്ടേയിരിക്കുന്നു. വായുവിലലിഞ്ഞ് ഒന്നാകാതെ മാറി നിൽക്കുന്ന ജലകണികകളുടെ നൃത്തമാണ് മേഘം.



Scanned with CamScanner

കാർബൺ കത്തുമ്പോഴുണ്ടാകുന്ന പ്രകാശത്തിന്റെ നൃത്തമാണ് അഗ്നി ജ്വാല! ശാന്തമായ നൃത്തമാണ് മേലുദ്ധരിച്ചതെന്ന് സങ്കൽപിക്കുക. ഈ ശാന്തനൃത്തത്തിന് ദർശന-സ്പർശന-ശ്രവണ-ആസ്വാദ്യതയുടെ സുഖമുണ്ടല്ലോ! (നൃത്താനുഭൂതിയിൽ നിന്നെന്നപോലെയുള്ള (നൃത്തദർശന-നടന സുഖം)

**മൈക്രോകോസത്തിന്റെ താണ്ഡവം**

ഇതേ മൈക്രോകോസത്തിൽ ഘോരശക്തിയുടെ ആസ്തിത്വവുമുണ്ട്. അതാണ് മൈക്രോകോസത്തിലെ താണ്ഡവം!

ആറ്റങ്ങളിലെ ഇലക്ട്രോണുകൾ അതിവേഗം പായുന്നതാണ് വൈദ്യുതി. അതു കടന്നുപോകുന്ന ഹൈടെൻഷ്യൻ കമ്പിയിൽ പിടിച്ചാൽ അനുഭവപ്പെടുന്നത് താണ്ഡവാനുഭൂതിയാണ്. അത് ആറ്റത്തിലെ ഇലക്ട്രോണുകളുടെ രൗദ്രഭാവമാണ്. ആറ്റങ്ങൾ വേർതിരിയുമ്പോൾ പുറത്തേക്കുവരാൻ സാധ്യതയുള്ള ആൽഫ, ബീറ്റ കണങ്ങളുടെ തീവ്രശക്തി ഒന്നു സ്മരിക്കുക. ലോഹത്തകിടിനെപോലും തുളച്ചുകയറാനതിനുസാധിക്കും.

യുറേനിയംപോലുള്ള ആറ്റമെന്ന സൂക്ഷ്മകണങ്ങളിലേക്ക് ന്യൂട്രോണെന്ന അതിസൂക്ഷ്മ കണങ്ങൾ പ്രവേശിച്ച് ചിന്നിച്ചിതറുമ്പോൾ പുറത്തുവരുന്ന ഊർജ്ജമാണ് നാഗസാക്കിയിലും, ഹിരോഷിമയിലും, പൊഖ്റാനിലും കണ്ടത്.

അതിസൂക്ഷ്മമായ വായുതന്മാത്രകളുടെ ഘോരനൃത്തമാണല്ലോ കൊടുങ്കാറ്റും, ചുഴലിക്കാറ്റും. അതിസൂക്ഷ്മമായ ജലകണങ്ങളുടെ ഘോരനൃത്തം നാം സുനാമിയിലൂടെ കണ്ടു. വിളക്കിന്റെ ജ്വാലയുടെ ഭീകര താണ്ഡവം കാട്ടുതീയിൽ നമുക്കു കാണാമല്ലോ ? ഇപ്രകാരം അനവധി താണ്ഡവനൃത്തങ്ങൾ മൈക്രോ കോസത്തിലൂടെ കാണാം.

**മഹത്തിന്റെ ശാന്തനൃത്തം**

.......... മഹതോമഹീയാനിലെ നൃത്തമാണിത്. ഈ ഭൂമി മണിക്കൂറിൽ 1640 കി.മി. വേഗതയിൽ കറങ്ങിനൃത്തം വയ്ക്കുന്നു. അതേ ഭൂമിയും, അതുപോലുള്ള ഗ്രഹങ്ങളും, സൂര്യനു ചുറ്റും 'തിരുവാതിര' നൃത്തം വയ്ക്കുന്നു. ചന്ദ്രൻ ഭൂമിക്കു ചുറ്റും നൃത്തം വച്ചുകൊണ്ടു തന്നെ സൂര്യനേയും പ്രദക്ഷിണനൃത്തം ചെയ്യുന്നു. സൂര്യനും സ്വയം കറങ്ങിനൃത്തം ചെയ്യുന്നു. ഈ സൗരയൂഥം, അതുൾക്കൊള്ളുന്ന ക്ഷീരപഥം, അതുപോലെ അനേക കോടി ക്ഷീരപഥ / സൗരയൂഥങ്ങളുള്ള ഗാലക്സികളും ഇവയെല്ലാം ചിന്താതീതമായ വേഗത്തിൽ കറങ്ങിനൃത്തം ചെയ്യുന്നു.....



Scanned with CamScanner

ഭ്രിയമാണസ്യ അനേകകോടി ബ്രഹ്മാണ്ഡാനാം......

ഈ മാക്രോകോസത്തിന്റെ ശാന്തമായ നൃത്തം കൊണ്ടാണ് രാപ്പകലുണ്ടാകുന്നതും, കാലാവസ്ഥയിൽ അവശ്യം വേണ്ടതായ മാറ്റങ്ങളുണ്ടാകുന്നതും. അവയെല്ലാം ശാന്തമാണ് ആസ്വാദ്യജനകവുമാണ്.

**മാക്രോകോസത്തിന്റെ താണ്ഡവം**

മാക്രോകോസത്തിലുമുണ്ട് താണ്ഡവനൃത്തം : അഗ്നിപർവതം പൊട്ടിത്തെറിക്കുന്നു, ഭൂമി ഒന്നു കുലുങ്ങി മാറുന്നു, സൂര്യനിൽ കാന്തിക തരംഗങ്ങളിൽ പെട്ടെന്നു വ്യതിയാനം വരുന്നു, ആസ്റ്ററോയ്ഡുകൾ വർഷിക്കപ്പെടുന്നു. അത് ശക്തമായ പ്രാപഞ്ചിക മാറ്റങ്ങൾക്കാധാരമായിത്തിരുന്നു. ഇവയെല്ലാം സംഭവിക്കുന്നതിനെ പ്രപഞ്ചതാണ്ഡവമെന്നു പറയാം.

കാപ്രയുടെ വരികൾ നോക്കൂ! This dance involves an enormous variety of patterns but, surprisingly they fall into a few distinct categories.....

ഇതെല്ലാം ചേർന്ന ശാന്ത-ഭീകര ഭാവങ്ങളെ ഒരു 'രൂപ-ഭാവ' ത്തിൽതന്നെ ദർശിക്കണമെങ്കിൽ ശിവതാണ്ഡവരൂപമാണുത്തമം.... "the dance of shiva symbolises the daily rythm of birth and death also...." ഇതിൽ രണ്ടുതരം വികാരങ്ങളും (ശാന്തവും രൗദ്രവും) പ്രതിഫലിക്കുന്നു. പ്രകൃതിയുടെ പ്രതിഭാസങ്ങളിൽ കാണുന്ന മേൽ വിവരിച്ച ശാന്ത-രൗദ്ര ഭാവങ്ങളിൽ ശിവം എന്ന പദം തന്നെ മംഗളകരം എന്നർത്ഥം വരുന്നതാണ്. സത്യം-ശിവം-സുന്ദരം എന്ന പദത്രയങ്ങൾ നൽകുന്ന സന്ദേശം മംഗളകരമാണ്. അതേ ശിവനെ രുദ്രനായി - (രൗദ്രരൂപത്തിലുള്ളവനായും) വേദ(യജുർവേദം) പുരാണങ്ങൾ വിവരിക്കുന്നു. പ്രശസ്ത ഊർജ്ജതന്ത്രശാസ്ത്രജ്ഞനായ ഹെൻട്രിച്ച് സിമ്മറുടെ വരികൾ ശ്രദ്ധിക്കാമല്ലോ. " ...... ശിവന്റെ കണ്ണുകളിൽ ഊർജ്ജത്തിന്റെ രൗദ്രഭാവവും അനുഗ്രഹാത്മക കാരുണ്യവും നിറഞ്ഞിരിക്കുന്നു. പ്രപഞ്ചത്തിന്റെ മായാരൂപം ഇതിൽ ഘനീഭൂതമായിരിക്കുന്നു. ശിവതാണ്ഡവത്തിൽ അസാധാരണവേഗതയിൽ ചലിക്കുന്ന (flying എന്ന പദമാണ് സിമ്മർ ഉപയോഗിച്ചിരിക്കുന്നത്) കൈകളും കാലുകളും, പ്രകൃതിയുടെ (നിലനിൽപിന്റേയും പ്രവർത്തനത്തിന്റേയും) സന്തുലിതാവസ്ഥയെ പ്രതിഫലിപ്പിക്കുന്നു." ഇതൊരു സന്യാസിയുടെ വരിയല്ല, പ്രശസ്ത ശാസ്ത്രജ്ഞന്റേതാണ് എന്നോർക്കുമല്ലോ.

കാപ്രയുടെ മറ്റൊരു വരി "...... Modern physics has thus related that every subatomic particle, not only perform an energy dance, but

also *is* an energy dance ....” ഈ സന്ദേശത്തിന്റെ അവസാനഭാഗത്തിലെ but also *is* an ......... എന്നതിലന്തർലീനമായിരിക്കുന്നത് ഏറ്റവും ഉജ്ജ്വലമായ ഒരു അടിസ്ഥാന സന്ദേശമാണ്. ഈ നൃത്തം ദൈവം ചെയ്യുന്നതല്ല. ദൈവചൈതന്യമെന്ന ഊർജ്ജത്തിന്റെ (കൈനറ്റിക് + പൊട്ടൻഷ്യൽ + കെമിക്കൽ + ലൈറ്റ് + സൗണ്ട് + ഇലക്ട്രിസിറ്റി + ഹീറ്റ് + മാഗ്നറ്റിക് ...... എനർജികളുടെ) നൃത്തമാണ്. മറ്റൊരർത്ഥത്തിൽ നൃത്തത്തിൽ ഈശ്വരന്റെ ഭാഗം 'പരുത്തി'യിൽനിന്ന് നൂൽനൂൽക്കുന്നവന്റേയോ, 'ചെളി”യിൽ നിന്ന് കുടമുണ്ടാക്കുന്നവന്റേയോ പ്രവർത്തനത്തോടല്ല താരതമ്യം ചെയ്യേണ്ടത്. ഈ ഉദാഹരണത്തിലെ പരുത്തിയോടും, ചെളിയോടുമാണ് ഈശ്വരചൈതന്യത്തെ ബന്ധിപ്പിക്കേണ്ടത്. പരുത്തി-നൂലായും, ചെളി-കുടമായും തീരുന്ന പ്രക്രിയയാണ് നൃത്തം. പരുത്തി-നൂലായും, വസ്ത്രമായും, വലയായും.......... മാറുന്നു. ചെളി-കുടുക്കയായും, കുടമായും, ഇഷ്ടികയായും............ മാറുന്നു. ഈശ്വരൻ ഊർജ്ജമാണ്. നൃത്തം ഊർജ്ജത്തിന്റേതാണ്. അതിന് പ്രതീകം നൽകിയതാണ് 'ശിവൻ' ............ ശരിയല്ലേ !

സൃഷ്ടിയും, സ്രഷ്ടാവും, സൃഷ്ടിക്കുള്ള സാമഗ്രിയും..... നീ എന്ന് മഹാദേവനെ വിളിച്ച് ശ്രീ നാരായണഗുരുദേവൻ പ്രാർത്ഥിച്ച വരിയുടെ സന്ദേശം ! “അഹം ക്രതുരഹം യജ്ഞം സ്വധാഹമഹ മൗഷധം മന്ത്രോഹമഹമേവാജ്യം അഹം വഹ്നിരഹം ഹുതം.....” യജ്ഞവും, യജ്ഞദ്രവ്യവും, യജ്ഞൗഷധവും, മന്ത്രവും, നെയ്യും, അഗ്നിയും, കത്തുന്ന പ്രക്രിയയും ഞാനാണ് എന്ന ഗീതാവരിയും ഒരേ സന്ദേശം നൽകുന്നു! എത്ര ഗംഭീരം-ഗഹനം-ലളിതം-ആയ വിവരമാണ് ഈ വിഷയത്തിൽ അവതരിപ്പിച്ചിരിക്കുന്നത്.

പതിറ്റാണ്ടുകൾക്കുമുമ്പ് ആനന്ദകുമാരസ്വാമി വിവരിച്ച ശിവതാണ്ഡവലേഖനത്തെ ഉദ്ധരിച്ചുകൊണ്ട്, കാപ്ര തന്റെ ലേഖനത്തിൽ പറയുന്നു...“the cosmic dance has found its most profound and beautiful expression in Hinduism in the image of the dancing god Shiva....”.

ആധുനിക ശാസ്ത്രത്തിന് ഇന്നുവരെ ലഭിച്ച അറിവിന്റെ സത്താണ് 11-ാം അധ്യായത്തിൽ കാപ്ര കൊടുത്തിരിക്കുന്നത്. “ Beyond the world of opposites” : രണ്ടു എതിർ പ്രതിഭാസങ്ങൾക്കപ്പുറമുള്ള (ഒന്നിലേക്ക്). രണ്ട് എതിർവസ്തുക്കൾ (വസ്തുതകൾ) ഒന്നായിത്തീരുന്ന വിവരണം, ലോകത്തിലെ ഒരു സങ്കൽപത്തിലുമുണ്ടെന്ന് തോന്നുന്നില്ല. “ശിവ-പാർവ്വതി” അർധനാരീശ്വരസങ്കൽപത്തിലാണതുള്ളത്. അതിൽ മാത്രം, പ്രകൃതിയിലെ സ്ത്രൈണഭാവവും - പ്രപഞ്ചപുരുഷനിലെ പൗരുഷഭാവവും ചേരുന്നു. പ്രപഞ്ചത്തിലെ എല്ലാം



Scanned with CamScanner

പ്രവർത്തനോന്മുഖമാകുന്നത് രണ്ടുശക്തികൾ പ്രവർത്തിക്കുമ്പോളാണ്. അർധനാരീശ്വരസങ്കൽപത്തിലെ സ്ത്രൈണ-പൗരുഷ ശക്തികൾപോലെ, ഇലക്ട്രോണുകൾ **നെഗറ്റീവും** ന്യൂക്ലിയസ് **പോസിറ്റീവുമാണ്. സെൻട്രിപെറ്റൽ** ഫോഴ്സും **സെൻട്രിഫ്യൂഗൽ** ഫോർസുമാണ് ഗ്രഹങ്ങൾ സൂര്യനുചുറ്റും പ്രദക്ഷിണം വയ്ക്കാൻ കാരണം. **പോസിറ്റീവ് - നെഗറ്റീവ്** ചാർജുള്ള മേഘമണ്ഡലങ്ങളിൽ നിന്ന് മിന്നൽ പിണരുൽഭവിക്കുന്നു. ഹൃദയത്തിന്റെ **സങ്കോച-വികാസത്താൽ** ഹൃദയപ്രവർത്തനം നടക്കുന്നു. അതുപോലെ ശ്വാസകോശവും. കാർബൺഡയോക്സൈഡിന്റെ **വിസർജ്ജനം**-ഓക്സിജന്റെ **ആഗിരണം** ഇത് ശ്വാസോച്ഛ്വാസം ഓക്സിഡേഷൻ - റിഡക്ഷൻ പ്രവർത്തനമാണ് എല്ലാ സെല്ലുകളിലും ഊർജ്ജം ലഭ്യമാക്കുന്നത്. മനുഷ്യശരീരത്തിൽ പരസ്പരം **എതിർ ദിശയിലേക്കു** വലിച്ചു പിടിക്കുന്ന മസിലുകൾ തളരുന്നത് നാം ഉറങ്ങുമ്പോഴാണ്. ഈ എതിർദിശാവലികൾ ഇല്ലാതാകുമ്പോൾ എന്തുസംഭവിക്കുന്നു എന്ന് ഇരുന്ന് ഉറങ്ങുന്നവനെക്കണ്ടാലറിയാമല്ലോ. എല്ലാ 'നൃത്ത'ത്തിലും ഈ ഓപ്പോസിറ്റുകളുടെ സാന്നിദ്ധ്യം വ്യക്തമായി കാണാം. അവ ഒരുമിച്ചു ചേർന്നാലേ നൃത്തം നടക്കൂ (ഹൃദയത്തിന് വികാസം മാത്രമേയുള്ളൂ സങ്കോചമില്ലെങ്കിൽ.....?) ആ ഒത്തുചേരലാണ് അർധനാരീശ്വരസങ്കൽപത്തിലുള്ളത്. അതു ശിവപ്രതീകത്തിനുമാത്രമേയുള്ളൂതാനും.

കഥയിലൂടെ പറഞ്ഞാൽ **വടക്കേ** അറ്റത്ത് ഹിമവാന്റെ **ഉയരത്തിൽ** സ്ഥിതി ചെയ്യുന്ന ശിവൻ. **തെക്കേയറ്റത്തു സമുദ്രനിരപ്പിൽ** കന്യാകുമാരിയിൽ വസിക്കുന്ന പാർവതി. സ്ത്രീ-പുരുഷൻ, വടക്ക്-തെക്ക്, ഉയരത്തിൽ-താഴെ, എന്നിപ്രകാരമുള്ള എതിർ (opposite) ഭാവങ്ങൾ പ്രത്യക്ഷമായിതന്നെ പുരാണത്തിലുണ്ട്. നമ്മുടെ പൂർവികർ (ഡോക്ടറേറ്റ് ഒന്നുമില്ലെങ്കിലും) മനസ്സിന്റെ ഗവേഷണശാലയിൽ ധാരണ-ധ്യാന-സമാധി എന്നീ ഹബ്ബിൾ ടെലിസ്കോപ്പ് ഉപയോഗിച്ച് അഥവാ 'സംയമം' എന്ന മാനസിക ഉപകരണത്തിലൂടെ സഹസ്രാബ്ദങ്ങൾക്കുമുമ്പ് കണ്ടെത്തിയതാണ് കോടിക്കണക്കിന് ഡോളർ ചെലവു ചെയ്ത് (കഴിഞ്ഞ ഒരു നൂറ്റാണ്ടിന്റെ ശ്രമഫലമായി) പാശ്ചാത്യ ശാസ്ത്രജ്ഞർ കണ്ടെത്തിയത്.

**ജീവചൈതന്യത്തിന്റെ നൃത്തം**

പരമാണുവിലെ നൃത്തം വിവരിച്ചു ! മഹാപ്രപഞ്ചത്തിന്റെയും വിവരിച്ചു. ഇനി "ആത്മാഗുഹായം നിഹിതോഽസ്യജന്തോ" എന്നൊരു വരി നേരത്തേയെഴുതിയിട്ടുണ്ട്. ജീവജാലങ്ങളിലെ പ്രപഞ്ചചൈതന്യത്തിൽ കാണുന്ന ആത്മചൈതന്യത്തിന്റെ നടനം വിവരിക്കാം !

ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നുള്ള ഒരു സെല്ലിൽ നിന്നോ മറ്റോ വരുന്ന വൈദ്യുതിയുടെ ശക്തിയും നിയമവുമനുസരിച്ചാണ് ഹൃദയം, ഹൃദയമിടിപ്പിലൂടെ നൃത്തം ചെയ്യുന്നത്. അതിന്റെ ശബ്ദവും ശ്രദ്ധിച്ചിട്ടുണ്ടാകും. ശ്വാസകോശഭിത്തികളിലുമുണ്ട് നൃത്തം, ഭക്ഷണം അരച്ചെടുക്കാൻ ആമാശയം ചെയ്യുന്ന നൃത്തം, കണ്ണിലെ കൃഷ്ണമണിയുടെ നൃത്തം, സന്തോഷം - ദുഃഖം - ആഹ്ളാദം ഇവ വരുമ്പോൾ മുഖത്തിലെ മാംസപേശികൾ നടത്തുന്ന നൃത്തം, ലേഖനമെഴുതുമ്പോൾ കൈവിരലുകളും, സംസാരിക്കുമ്പോൾ നാക്കും, ചിരിക്കുമ്പോൾ ചുണ്ടും, നടക്കുമ്പോൾ കാലുകളും ചെയ്യുന്ന നൃത്തം. ജീവജാലങ്ങളിലെ അവയവങ്ങളിലെ നൃത്തം, ചെടികളിലെ നൃത്തം, അണ്ണാറക്കണ്ണൻ നെല്ലുകൊറിക്കുമ്പോളുള്ള നൃത്തം, മീനിന്റെ നീന്തൽ നൃത്തം, പാമ്പിന്റെ ഇഴയൽ നൃത്തം ....... മനസ് കേന്ദ്രീകരിച്ച് ശ്രദ്ധിച്ചുനോക്കിയാൽ ഇവയൊക്കെ കാണാം. നൃത്തവും നൃത്തത്തിന്റെ നൃത്തവും നൃത്തത്തിനുള്ള സംഗീതവും എല്ലാം ...............

മനസ്സിനേയും മസ്തിഷ്കത്തേയും പ്രപഞ്ചത്തിന്റെ കേന്ദ്രബിന്ദുവിൽ നിലനിർത്തി, മഹാതാണ്ഡവമാടുന്ന ശിവനിലേക്ക്, മനസ്സുകൊണ്ട് പ്രപഞ്ചചൈതന്യത്തെ ആവാഹിച്ച്, യോഗികളായ നമ്മുടെ പൂർവ്വപിതാമഹന്മാരിൽ ചിലർ കാതോർത്തു ശ്രദ്ധിച്ചു. അവർ കേട്ട ശബ്ദമുണ്ട്. പ്രപഞ്ച താളത്തിനൊത്ത് നൃത്തമാടുന്ന മഹാദേവന്റെ (പ്രപഞ്ച ഊർജ്ജത്തിന്റെ) കാൽചിലമ്പിന്റേയും പാദസ്പർശത്തിന്റേയും ശബ്ദം. പ്രപഞ്ചത്തിൽ നിന്ന് തന്നെയത് അവർ കേട്ടു. ഈ ശബ്ദഘോഷങ്ങൾക്ക് ഹൃദയഭിത്തിയുടേയും ശ്വാസകോശത്തിന്റേയും ആമാശയഭിത്തിയുടേയും, വായു - ജലം - അഗ്നി പ്രവാഹത്തിന്റേയും, മുളങ്കാടിന്റേയുമെല്ലാം ശബ്ദ ഫ്രീക്വൻസി - വേവ് ലെങ്ത് - ആംപ്ലിറ്റ്യൂഡ് ഇവയുണ്ട്. അതിൽ ചില ശബ്ദങ്ങൾ പാണിനി, അഷ്ടാധ്യായി എന്ന തന്റെ വ്യാകരണ ഗ്രന്ഥത്തിലെഴുതിയിട്ടുണ്ട്. അതിൽ ചില ശബ്ദങ്ങൾ ചുവടെ ചേർക്കുന്നു. ഈ 'ശബ്ദഘോഷങ്ങൾ' അറിയപ്പെടുന്നതുതന്നെ മാഹേശ്വരസൂത്രങ്ങളെന്നാണ്! .

അ ഇ ഉ (ണ്) ; ഋ ഌ (ക്); ഏ ഓ (ങ്); ഐ ഔ (ച്)

ഹ യ വ ര (ട്) ; ല (ണ്) ; ഞ മ ങ ണ ന (മ്) ; ഝ ഭ (ഞ്)

ഘ ഢ ധ (ഷ്); ജ ബ ഗ ഡ ദ (വ്) ;

ഖ ഫ ഛ ഠ (ഥ്); പ ട ത (വ്); ശ ഷ സ (ര്) ഹ (ല്)

............. എന്നിങ്ങനെ 14 ഖണ്ഡങ്ങളാണ് മാഹേശ്വര സൂത്രങ്ങൾ,. ബ്രാക്കറ്റിലെഴുതിയിരിക്കുന്നത് അപ്രധാനമായ അനുബന്ധങ്ങളത്രെ.



Scanned with CamScanner

ശിവതാണ്ഡവം മനസ്സിൽ ധ്യാനിച്ച് മേൽ വിവരിച്ച മാഹേശ്വര സൂത്രങ്ങൾ ഉറച്ചു പറഞ്ഞു നോക്കൂ! അക കണ്ണിൽ നിങ്ങൾക്ക് നൃത്തം കാണാമെങ്കിൽ അകകർണ്ണത്തിൽ ഈ ശബ്ദങ്ങളും കേൾക്കാം. അതിനുവേണ്ടത് ഒരു കാര്യം മാത്രം **സാധന.** പരിശുദ്ധശാസ്ത്രത്തിന്റേയും പരിശുദ്ധ ഭാരതീയ ആത്മീയതയുടേയും അനുഭൂതിതലത്തിലേക്കെത്തിച്ചേരാവുന്ന വിധത്തിലുള്ള സാധനാക്രമം. ആനുനീക ശാസ്ത്രജ്ഞന്മാർ 10 ദശാബ്ദങ്ങൾ ഗവേഷണം ചെയ്ത് അറിയാതെ എത്തിച്ചേർന്ന ബിന്ദുവിൽ 30 ശതാബ്ദങ്ങൾക്കുമുമ്പ് ഭാരതീയ ഋഷി വര്യന്മാർ എത്തിച്ചേർന്നിരുന്നു.

ഈ പൈതൃക ചിന്താധാരാ പ്രവാഹങ്ങളുടെ അവകാശികളാണ് നമ്മളെന്നറിഞ്ഞ്, പൈതൃകഗ്രന്ഥങ്ങളൊന്നു തുറന്നുനോക്കാൻ, പഠിക്കാൻ, വിശകലനം ചെയ്യാൻ, ആസ്വദിക്കാൻ, സ്വന്തം പൈതൃകമാണെന്നഭിമാനിക്കാൻ തലവിധിയില്ലാതെപോയ കുറെ ജീവികളുണ്ട് നമ്മുടെ നാട്ടിൽ. പഠിക്കാൻ യോഗമുണ്ടാകണം, മനസ്സും ഭാഗ്യവുമുണ്ടാകണം. എതിർക്കേണ്ടവർക്ക് പഠിച്ചെതിർക്കാനും, ആസ്വദിക്കേണ്ടവർക്ക് അപ്രകാരം ചെയ്യാനും, വേണ്ടിയെങ്കിലും ഈ പൈതൃകം പഠിച്ചുകൂടെ. നമ്മുടെ മാതൃഭൂമിയിൽ നിന്ന്കൊണ്ട് ഇതിവിടത്തെ ഹിന്ദുവിന്റേയും കൃസ്ത്യാനിയുടേയും മുസൽമാന്റേയും പൊതുസ്വത്താണ് എന്നു വിളിച്ചു പറഞ്ഞ് സ്വന്തം പൈതൃകത്തെക്കുറിച്ച് അഭിമാനിക്കാൻ സാധിക്കുന്ന ഒരു തലമുറയെ വളർത്തിയില്ലെങ്കിലും സാരമില്ല. സ്വന്തം പൈതൃകത്തേയും രാഷ്ട്രത്തേയും പരിഹസിക്കാനും, നിശിതമാംവിധം വിമർശിക്കാനും പായുന്ന ബുദ്ധിജീവികളെ നിങ്ങൾ ചെയ്യുന്നത് എന്താണെന്നറിയുന്നുണ്ടോ ? ഗസ്നി മുതൽക്കിങ്ങോട്ട് നടന്ന ആക്രമങ്ങളും, ഡച്ച്-സ്പെയിൻ-പോർത്തുഗീസ്-ഇംഗ്ലീഷുകാർ നടത്തിയ ആക്രമണവും കൊണ്ടു നശിപ്പിച്ചതിനേക്കാൾ - നശിച്ചതിനേക്കാൾ-കൂടുതൽ നിങ്ങൾ നശിപ്പിച്ചു - അല്ല, നശിപ്പിച്ചുകൊണ്ടേയിരിക്കുന്നു. കുറെ കസേരകൾക്കും, സ്ഥാനമാനങ്ങൾക്കും വേണ്ടി നിങ്ങൾ കാണിച്ചുകൂട്ടുന്ന പേപ്പട്ടിയുടെ വിക്രിയകൾ, വളരുന്ന തലമുറ തിരിച്ചറിയും. അന്ന്, കൊന്നും കൊലവിളിച്ചും ഉണ്ടാക്കിയ ചിന്താധാരകളുടെ പ്രോക്താക്കളുടെ പ്രതിമ ക്രെയിനുപയോഗിച്ച് വലിച്ചെറിഞ്ഞതുപോലെ നിങ്ങളെയെല്ലാം വളരുന്ന തലമുറ പിഴുതെറിയും. ഒരു വലിയ വിഭാഗം ജനങ്ങൾ, ഭാരതത്തിൽ കാത്തുനിൽപുണ്ട്. നിങ്ങളുടെ അവസാന ശ്വാസവും, ചാരവും കണ്ട് ഈ മണ്ണിനെ ശുദ്ധമാക്കാനുള്ള പുണ്യാഹജലവും കയ്യിലെടുത്തവർ ഹൃദയംകൊണ്ട് പ്രാർത്ഥിക്കുന്നതെന്താണെന്ന് നിങ്ങൾക്കറിയാം. വലിയൊരു തലമുറയെ വഴിതെറ്റിക്കുന്നവരിൽ, ഒരു വിഭാഗം വാർധക്യത്തിലെത്തിയപ്പോൾ, ഇന്ന്



Scanned with CamScanner

ചക്കുളത്തുകാവിലും, മലയാലപ്പുഴയിലും, അമൃതാനന്ദമയീദേവിയുടെ വിശ്വവിദ്യാലയത്തിലും, ശ്രീസത്യസായിബാബയുടെ അടുത്തും വരുന്നുണ്ട്. ഈ സംസ്കാരഘാതകരായ നിങ്ങളിൽ പലരും സൂര്യനുദിക്കുന്നതിനുമുമ്പ് തലയ്ക്ക് മുണ്ടിട്ട് അമ്പലത്തിൽ പോകുന്ന യുക്തിവാദികളാണ്. ആശ്രമത്തിലും വിദ്യാലയങ്ങളിലും നിങ്ങളിൽ ചിലർ ഭഗദ്ഗീത പഠിപ്പിക്കുന്നു. "മുകളിലുള്ള ദൈവത്തേയും, ഗീതവായിക്കുമ്പോളുള്ള സുഖവും" പറഞ്ഞവരുടെ ചാരം, കുടുംബാംഗങ്ങൾ ത്രിവേണിയിൽ നിമജ്ജനം ചെയ്തതു നിങ്ങൾ കണ്ടുവല്ലോ ! പഴനിക്കുയാത്രയും, പൂർണകുംഭസ്വീകരണവും, മക്കളെയെല്ലാം സ്വന്തം ജാതിക്കാർക്ക് തന്നെ ആചാരപ്രകാരം വിവാഹം കഴിച്ചുകൊടുക്കുന്നതും, നാരീപൂജക്കിരിക്കുന്നതും, പായസനിവേദ്യം കഴിക്കുന്നതിനും അപ്പുറത്തേക്കൊന്നും നിങ്ങൾ ആരും വളരില്ല. ഈ നാട്ടിൽ ജനിച്ചുവളർന്നവർക്ക് അതിനപ്പുറം പോകാൻ സാധിക്കില്ല. പക്ഷേ നിങ്ങൾക്കു ചെയ്യാൻ സാധിക്കുന്ന ഒന്നുണ്ട്. അത് നിങ്ങൾ ചെയ്തുകൊണ്ടുമിരിക്കുന്നു. വളരുന്ന തലമുറയെ വഴിതെറ്റിക്കുക എന്ന നീചകർമ്മം! നിങ്ങളുടെ മക്കളെ സുരക്ഷിതമായ കേന്ദ്രത്തിലാക്കി മറ്റുള്ളവന്റെ മക്കളെ നിങ്ങൾ ബുദ്ധിപരമായി വധിയ്ക്കുന്നു, ബുദ്ധിപരമായി ബലാൽസംഗം ചെയ്യുന്നു !

മറുനാടുകളിൽ ദൈവദൂതനും ദൈവപുത്രനും വന്നപ്പോൾ ഇവിടെ ഈശ്വരൻ നേരിട്ടിറങ്ങിവന്നു. നിങ്ങളുടെ പൂർവ്വപിതാമഹന്മാരായിരിക്കാൻ സാധ്യതയുള്ള കംസനേയും, പൂതനയേയും, ഹിരണ്യകശിപുവിനേയും ഹിരണ്യാക്ഷനേയും രാവണനേയും നാലാം ലോകത്തിലേക്ക് കൊണ്ടുപോകാനാണീ അവതാരങ്ങൾ വന്നത്. ഈ കഥാപാത്രങ്ങളുടെ വരവ് അവതാരങ്ങളുടെ ഉത്ഭവത്തിന് കാരണമായി. അത് ഈ നാടിന്റെ മാത്രം പ്രത്യേകതയാണ്. നിങ്ങളുടെ ജന്മം ഇപ്രകാരമുള്ള അവതാരങ്ങളുടെ വരവിന് വേഗത കൂട്ടാൻ സഹായിക്കുമെങ്കിൽ, ഈ നാട് ആശ്വാസം കണ്ടെത്തും. കാരണം അവതാരങ്ങൾ, ഭാരതത്തിൽ, ദുഷ്ടന്മാരെമാത്രമല്ല നശിപ്പിക്കാറുള്ളത്. ദുഷ്ടന്മാരുടെ കൂട്ടത്തിൽ നിൽക്കുന്നവർക്കും, വലിയ വ്യത്യാസമില്ലാത്ത ഗതിയാണ് നൽകാറുള്ളത്.

ചിലരെങ്കിലും രക്ഷപ്പെടുന്നെങ്കിൽ രക്ഷപ്പെടട്ടെ എന്നു വിചാരിച്ച്, ഇത്തരം പ്രപഞ്ചനടനപഠനങ്ങൾ നടത്തുന്നവർക്ക് നിങ്ങളിൽ നിന്ന് മോക്ഷം കൊടുക്കുകയെങ്കിലും ചെയ്യുക! ഇനി നിർത്തട്ടെ.

*



Scanned with CamScanner

## ബുദ്ധിജീവികളുടെ ലക്ഷണങ്ങളും സ്വഭാവങ്ങളും

1. ബുദ്ധിജീവിയാകാൻ ജാതിയോ മതമോ രാഷ്ട്രീയ ചായ്‌വോ ഒരു പ്രശ്നമല്ല. (2) സ്വന്തം ധർമ്മത്തേയും സംസ്ക്കാരത്തേയും പൈതൃകത്തേയും പുച്ഛിക്കാൻ സൗകര്യമുള്ളതിനാൽ ഹിന്ദുവാണെങ്കിൽ ബുദ്ധിജീവിയാകുന്നതിന് എളുപ്പമാണ്. (3) അവസരം ലഭിക്കുമ്പോഴോ, അവസരമുണ്ടാക്കിയോ ഹിന്ദുവുമായി ബന്ധപ്പെട്ട എല്ലാത്തിനേയും എതിർക്കുകയും പുച്ഛിക്കുകയും ചെയ്താൽ മറ്റു കഴിവുകൾ കുറവാണെങ്കിലും മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കാൻ അവസരം ലഭിക്കും. (4) ഹിന്ദുവായാൽ മറ്റുമതങ്ങളെ പുകഴ്ത്താനുള്ള അവസരവും ലഭിക്കുന്നു. സ്വന്തം ധർമ്മം പഠിക്കണമെന്ന് ശഠിക്കുന്നവരുണ്ടാകില്ല എന്ന സൗകര്യം കുടുതലാണുതാനും. (5) ബുദ്ധിജീവി ചിന്തിക്കുമ്പോഴും, കാര്യങ്ങൾ വിലയിരുത്തുമ്പോഴും പ്രസംഗിക്കുമ്പോഴും ഭാവിയിൽ ലഭിക്കാൻ സാധ്യതയുള്ള സ്ഥാനമാനങ്ങൾ, പുരസ്കാരങ്ങൾ, അംഗത്വം, പ്രസിദ്ധി, ഇവയെല്ലാം മുൻകൂട്ടിക്കാണാനുള്ള ധിഷണാവൈഭവം മാത്രമെങ്കിലും ഉണ്ടായിരിക്കണം. (6) പ്രസംഗിക്കുമ്പോൾ ശ്രോതാക്കളുടെ കയ്യടിയിൽ ശ്രദ്ധിക്കുകയും, ആത്മാർത്ഥമായിട്ടാണ് പറയുന്നതെന്ന് ബോധ്യപ്പെടുത്തുകയും വേണം. ആവശ്യത്തിന് മുഖത്തും വാക്കിലും വികാരം വരുത്താൻ പരിശീലിക്കണം. (7) ശ്രോതാക്കൾക്ക് വ്യക്തമായി മനസ്സിലാകുന്ന ഭാഷ ഉപയോഗിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ശ്രോതാക്കൾക്ക് ബുദ്ധിജീവിയുടെ നിലവാരമാണുള്ളതെന്ന ഭാവേന വേണം കാര്യങ്ങൾ അവതരിപ്പിക്കാൻ. (8) സാധിക്കുന്നിടത്തോളം അവനവനുതന്നെ മനസ്സിലാകാത്ത ഭാഷയുപയോഗിച്ചാൽ ലോകാംഗീകാരം ലഭിച്ചില്ലെങ്കിലും മറ്റു ബുദ്ധിജീവികളുടെ അംഗീകാരം ലഭിക്കാൻ എളുപ്പമാകും. പിന്നീട് മാറ്റിപ്പറയാനും എളുപ്പമുണ്ട്. (9) ഭാരതീയ പൈതൃകത്തിൽ നിന്നും ഉദ്ധരണികൾ ഒന്നും എടുക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഹിന്ദുക്കളുമായി ബന്ധപ്പെട്ട നന്മകൾ പൂർണമായും ഒഴിവാക്കണം. (10) അറിയാതെപോലും, ഭാരതീയ ഋഷിവര്യന്മാരുടെ ഉദ്ധരണികൾ വരാതിരിക്കാൻ ശ്രദ്ധിക്കണം. ഭാരതത്തിൽ നിന്നെടുക്കണമെന്ന് നിർബന്ധമാണെങ്കിൽ നെഹ്റുവിന്റേയോ അദ്ദേഹത്തെപ്പോലുള്ളവരുടേതോ മാത്രമാക്കാൻ ശ്രദ്ധിക്കണം. (11) തന്റെ വീക്ഷണം ന്യായീകരിക്കാൻ മരിച്ചുപോയ രാഷ്ട്രീയ നേതാക്കളുടെ ഉദ്ധരണികൾ അവരതു പറഞ്ഞിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ഉപയോഗിക്കാം. സ്ഥലവും കാലവും വ്യക്തമായി അറിഞ്ഞുപയോഗിക്കണമെന്നുമാത്രം. (12) വിദേശപണ്ഡിതന്മാരുടെ ഉദ്ധരണികൾ സുലഭമായി ഉപയോഗിക്കാൻ പഠിക്കണം. ഭാരതത്തെയും ഭാരതീയ പൈതൃകത്തേയും പുച്ഛിക്കുന്ന വിദേശികളുടേതാണുത്തമം. അത് പഠാനു



Scanned with CamScanner

പദം പറയാൻ കഷ്ടപ്പെടണമെന്നൊന്നുമില്ല. പ്രത്യേകിച്ചും വിദേശി ജീവിച്ചിരിപ്പില്ലെങ്കിൽ യുക്തമായ മാറ്റങ്ങൾ വരുത്താം. (13) സാമാന്യ ജനതവായിച്ചിരിക്കാൻ സാധ്യതയില്ലാത്ത പുസ്തകങ്ങളിൽ നിന്ന് ഉദ്ധരണികൾ എടുത്താൽ ഏറെ പ്രയോജനകരമാണെന്ന് അനുഭവത്തിൽ നിന്നറിയണം. ഉദ്ധരണികൾ പറയുമ്പോൾ ശബ്ദം ഇടക്കിടക്ക് ഉയർത്തിയും താഴ്ത്തിയും പ്രസംഗിക്കാൻ പഠിക്കണം. (14) ശ്രോതാക്കളിലാരെങ്കിലും ഉദ്ധരണിയുടെ സാധുതയെ പരിശോധിക്കാനൊരുമ്പെട്ടാൽ അവർക്കൊരെത്തുംപിടിയും കിട്ടരുത് എന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം. എഴുതുമ്പോഴും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. (15) മറ്റൊരു ബുദ്ധിജീവി ശരിയാണെന്ന് സമർത്ഥിച്ച വരികൾ, തനിക്കാവശ്യമായ മാറ്റങ്ങൾ വരുത്തി പ്രയോഗിക്കാവുന്നതാണ്. ഇപ്രകാരം ചെയ്യുമ്പോൾ പുസ്തകം വായിക്കാനുള്ള സമയം ലാഭിക്കാൻ സാധിക്കും. (16) സംസ്കൃതഭാഷയോ സംസ്കൃത ഉദ്ധരണികളോ അറിയാതെ പോലും ഉപയോഗിക്കരുത്. സംസ്കൃത വിദ്യാലയങ്ങളിൽപോലും ഇതു സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. (17) ഭാരതീയ പൈതൃകത്തെക്കുറിച്ച് (ഗതികേടിന്) സ്പർശിക്കേണ്ടിവന്നാൽ എല്ലാമുൻകരുതലുകളുമെടുത്തുവേണം, ഉപരിപ്ലവമായിപോലും സ്പർശിക്കാൻ. അതേസമയം ആ വിഷയങ്ങളിൽ തനിക്ക് അഗാധപാണ്ഡിത്യമുണ്ടെന്ന് അഭിനയിക്കാനും പഠിക്കണം. കേരളീയനാണെങ്കിൽ അൽപ ദിവസത്തെ പരിശീലനംകൊണ്ട് ഇത് ലഭിക്കാവുന്നതേയുള്ളൂ. (18) വിദേശിയായ കൊക്കൊക്കോളയും, മദ്യവും, വ്യവസായ സംസ്കാരവും ശക്തിയായി എതിർക്കുമ്പോഴും പുരാതന ഭാരതീയ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചത്, വിദേശി ശാസ്ത്രജ്ഞന്മാരുടെ പേരിലാണറിയപ്പെടുന്നതെങ്കിൽ ആ വിദേശകളെ മാത്രമേ അംഗീകരിക്കാവൂ. എന്തു ന്യായം പറഞ്ഞാണെങ്കിലും പുരാതന ഭാരതീയ ശാസ്ത്രജ്ഞന്മാർ അൽപന്മാരണെന്ന് പ്രഖ്യാപിക്കണം. (19) ഭാരതീയമായ ശാസ്ത്ര-സാങ്കേതിക അറിവുകളെ പരമാവധി പുച്ഛിക്കണം, അപ്രകാരം ചെയ്യാൻ വളരുന്ന തലമുറയെ പഠിപ്പിക്കണം. എന്നിട്ട് ഈ നാട്ടിലെ അറിവുകൾ വിദേശികൾ പേറ്റന്റു ചെയ്യുമ്പോൾ ഘോര ഘോരം പേപ്പട്ടിയെപ്പോലെ വെറിപിടിച്ച് നടന്ന് പ്രസംഗിക്കണം. (20) ഇങ്ങനെ പ്രസംഗിക്കുകയും എഴുതുയും ചെയ്യുമ്പോഴും ഈ നാട്ടിലുള്ളതെന്തെങ്കിലും വിദ്യാർത്ഥികളെ പഠിപ്പിച്ചാൽ അത് വർഗീയതയാണെന്ന് പ്രചരിപ്പിക്കണം. കാവിവൽക്കരണമാണെന്ന് നെഞ്ചത്തടിച്ച് പൊട്ടിത്തെറിക്കണം. (21) ഇന്നാട്ടിലെ ഏതെങ്കിലും ചിന്താധാരകൾ നന്മകളാണെന്ന് പറയേണ്ടിവന്നാൽ ഇന്ന ബുദ്ധിജീവി മരിക്കുന്നതിനുമുമ്പ്, കോതമംഗലത്തുവച്ച് അംഗീകരിച്ചതുകൊണ്ടുമാത്രമാണ് ഞാൻ ഇവിടെ അതിനെ ന്യായീകരിച്ചതെന്ന് പ്രഖ്യാപിക്കണം. (22) പൊതുജനത്തിനോ, കൂടെയുള്ള ജീവികൾക്കോ തന്റെ പ്രസംഗത്തിലും പ്രവൃത്തി



Scanned with CamScanner

യിലും സംശയം തോന്നുകയാണെങ്കിൽ അത് പത്രമാധ്യമങ്ങളുടെ വെറും സൃഷ്ടിയും ജൽപനങ്ങളുമാണെന്ന് വളിച്ച ചിരി പ്രകടിപ്പിച്ചു കൊണ്ട് പ്രഖ്യാപിക്കണം. (23) ഭാവിയിൽ പ്രയോജനപ്പെടുത്താൻ സാധിക്കുന്ന എല്ലാവർത്തമാന സംഭവങ്ങളിലും ശ്രദ്ധയോടെ ഇറങ്ങി ചെന്ന് പ്രഖ്യാപനങ്ങൾ നടത്തി പത്രമാധ്യമങ്ങളിൽ ഒരുമൂലയിലെങ്കിലും സ്ഥാനം കണ്ടെത്തണം. (24) ബുദ്ധിജീവികളുടെ സ്ഥാനമാനങ്ങളുള്ള വ്യക്തികളുടെ കൂടെ നടക്കാനും ആരുടെയെങ്കിലും മരണത്തിൽ അനുശോചിക്കാനും പലതിലും പ്രതിഷേധിക്കാനും നിരന്തരം ശ്രമിക്കണം. ചങ്ങല - വളയം - പ്രകടനത്തിന് നാരങ്ങാനീര്, എന്നിവയിലൂടെ സാമൂഹിക പ്രവർത്തനത്തിൽ ഭാഗഭാക്കാകാനും, പ്രഖ്യാപനങ്ങളിൽ ഒപ്പുവച്ച് അവരിലൊരുവനാകാനും ശ്രമിച്ചുകൊണ്ടേയിരിക്കണം. (25) ഇപ്രകാരം പല പ്രാവശ്യം ചെയ്താലേ ബുദ്ധിജീവികളുടെ ലിസ്റ്റിൽ പെടുകയുള്ളൂ എന്നോർക്കുകയും, ആ ലിസ്റ്റിൽ നിന്ന് താഴെപോകാതെ നിരന്തരം ജനശ്രദ്ധയും പത്രമാധ്യമശ്രദ്ധയും പിടിച്ചു പറ്റി(ച്ചു)കൊണ്ടേയിരിക്കണം. (26) പത്രമാധ്യമങ്ങളിൽ പ്രത്യക്ഷമായോ പരോക്ഷമായോ നിറഞ്ഞുനിൽക്കാൻ സാധിക്കുന്നതൊക്കെ ചെയ്യാം. യുദ്ധത്തിലും, പ്രേമത്തിലും, ബുദ്ധിജീവിയായി തുടരാനുള്ള പ്രവർത്തനങ്ങളിലും നിയമങ്ങളില്ലെന്ന് ബുദ്ധിമാൻമാർ പറഞ്ഞിട്ടില്ലെങ്കിലും ഓർമ്മിക്കണം. (27) വലിയ വലിയ സ്ഥാനമാനങ്ങൾ ലഭിക്കാനുള്ള ബുദ്ധി വൈഭവവും അടിസ്ഥാന യോഗ്യതകളും കുറവാണെങ്കിലും യൂണിവേഴ്സിറ്റികളിലെ സെനറ്റംഗമായും സിന്റിക്കേറ്റംഗമായും, ദേവസ്വം ബോർഡ് പ്രസിഡന്റായും സ്ഥാനം ലഭിക്കാനുള്ള ശ്രമം തുടങ്ങി പിന്നെ ഉയരാൻ ശ്രമിക്കണം. (28) ഉയരങ്ങളിലേക്കുപോകുമ്പോൾ പലതരം സംശയങ്ങൾ പൊതുജനമോ പത്രക്കാരോ ചോദിച്ചെങ്കിൽ "നിങ്ങൾക്കെന്നെക്കാൾ കൂടുതൽ അതിനെക്കുറിച്ചറിയാമെന്നെനിക്കറിയാം എന്നു തട്ടിവിട്ടേക്കണം." വീണ്ടുമവർ ചുഴിഞ്ഞു ചോദിച്ചാൽ "ഇന്ന് മറ്റൊരു പ്രോഗ്രാമുള്ളതിനാൽ പിന്നൊരിക്കൽ വിസ്തരിച്ചു പറയാമെന്ന്" പ്രഖ്യാപിക്കണം. (29) എന്നിട്ടും ചോദ്യകർത്താക്കൾ വിട്ടില്ലെങ്കിൽ ആര്യനാക്രമണം, സവർണമേധാവിത്വം, സ്ത്രീപീഠനം എന്നീ വിഷയങ്ങളിലേക്ക് കൗശലപൂർവ്വം കടക്കാൻ പഠിക്കണം. (30) ഇതൊന്നും വിലപ്പോയില്ലെങ്കിൽ അമേരിക്കനധിനിവേശമോ ന്യൂനപക്ഷമർദ്ദമോ ഏതെങ്കിലും വികാരതീവ്രതയോടെ പറയണം. ഈ അവസരത്തിലാണ് ചിലരെ കുത്താനുള്ള പദപ്രയോഗങ്ങൾ തെരഞ്ഞെടുത്ത് പ്രയോഗിക്കാവുന്നത് എന്നുമോർക്കണം. (31) മേൽവിവരിച്ചതൊന്നും കിട്ടിയില്ലെങ്കിൽ സുനാമി കടൽത്തിരയുണ്ടായി സർവ്വനാശം വിതച്ചതുവരെ പരിവാർസംഘടനകളാണെന്ന് പ്രഖ്യാപിച്ച് കസേരയിൽ നിന്നെഴുന്നേറ്റ് യാത്ര പറയണം. അൽപദിവസത്തെ പരിചയം കൊണ്ട് ലഭിക്കാവുന്നതാണീ കഴിവുകൾ. (32) മേൽ വിവരിച്ചതി



Scanned with CamScanner

ലൊന്നും രക്ഷകിട്ടാത്ത അവസ്ഥ ചിലപ്പോൾ വന്നുചേർന്നുഎന്നിരിക്കും. അങ്ങിനെയായാൽ ദൈവവിശ്വാസമില്ലെങ്കിലും ദൈവത്തിൽ എല്ലാം അർപ്പിച്ച് "ആൾ ദൈവങ്ങളെ" ക്രൂശിക്കണം. ഇത് സംഭാഷണത്തിലെ അവസാനത്തെ അടവാണെന്ന് മറക്കരുത്. അളമുട്ടുമ്പോൾ ഉപയോഗിക്കാനുള്ളതായതിനാൽ മുങ്ങുമെന്നുറപ്പായാലെ ഈ ആൾദൈവത്തെ ക്രൂശിക്കാവൂ. പിന്നീട് അവിടെ ശരണം പ്രാപിക്കേണ്ടിവരും എന്നുള്ളത് ഉറപ്പായതിനാലാണിപ്രകാരം ഓർമ്മിപ്പിക്കുന്നത്. (33) ദേശവും, കാലവും, മുമ്പിലിരിക്കുന്ന വ്യക്തികളുടെ അബോധാവസ്ഥയും കണക്കിലെടുത്ത് അതാതു കാലങ്ങളിൽ നിലവിലുള്ള ഏത് പ്രശ്നവും - മണ്ഡരി മുതൽ സുനാമി വരെ - കൈകാര്യം ചെയ്യുമ്പോൾ അജ്ഞനാണെന്ന തോന്നലുണ്ടാക്കാതെ വാക്കുകൾ ഉപയോഗിച്ച് മുമ്പോട്ടുപോകണം. (34) ദേശ-വിദേശങ്ങളിലെ പ്രസംഗങ്ങളിലും പരിപാടികളിലും പങ്കെടുക്കുമ്പോൾ സമയം പാലിക്കാതിരിക്കുമ്പോഴും, വെള്ളമടിച്ച് പ്രസംഗവിഷയമോ, വാക്കുകളോ മാറുമ്പോഴും നിരന്തരമുള്ള കഠിനമായ ജോലിത്തിരക്കുകൊണ്ടാണീപിഴവുകൾ  വന്നതെന്ന് ശ്രോതാക്കളെ ബോധ്യപ്പെടുത്താൻ കഴിയണം. നാക്കു കുഴയുന്ന ലെവലിലാണെങ്കിൽ സുഹൃത്തിനെകൊണ്ട് പറയിപ്പിക്കാനുള്ള വാക്കുകൾ നേരത്തെ എഴുതിക്കൊടുത്തിരിക്കണം. (35) ശരീരസുഖമില്ല എന്ന് ബോധ്യപ്പെടുത്താൻ ശ്രമിക്കാവുന്നതുമാണ്. പ്രത്യേകിച്ച് വിദേശ രാജ്യങ്ങളിൽ പോകാൻ യോഗം ലഭിക്കുന്ന ബുദ്ധിജീവിക്കാണിപ്രകാരം കാലുറയ്ക്കാതെ നാക്കു കുഴയുന്നതെങ്കിൽ, ശരീര അസുഖപ്രയോഗം യോജിക്കും. (36) പരിധിക്കപ്പുറം ലഹരി പാനീയങ്ങൾ കഴിപ്പിക്കുന്ന വിദേശി ഇന്ത്യക്കാരാണ് ക്ഷണിച്ചതെങ്കിൽ ഓരോ സ്റ്റേജിലും പറയാനുള്ളത് എഴുതിക്കൊണ്ടുപോയിരിക്കണം. (37) ഉത്ഘാടന പ്രസംഗമോ, മറ്റോ ആണെങ്കിൽ എഴുതിക്കൊണ്ടുപോയത് വായിക്കാൻ ഒരാളെയെങ്കിലും പരിശീലിപ്പിച്ചിരിക്കണം. (38) തന്റെ പ്രസംഗം ആദ്യമായി നടക്കുന്ന സദസുകളിലാണെങ്കിൽ പ്രസംഗിക്കുമ്പോൾ ഹസ്തചലനത്തിന് തന്റേതായ ഒരു ശൈലിയുണ്ടാക്കിയെടുക്കണം. മരിച്ചുപോയ മറ്റൊരു ജീവിയുടെ ശൈലി പിന്തുടരാവുന്നതാണ്. ജീവിച്ചിരിക്കുന്നവരുടെ ശൈലി കഴിവതും ഒഴിവാക്കണം. ഇല്ലെങ്കിൽ അപഖ്യാതിയുണ്ടാകും, കോപ്പിയടിക്കുകയാണെന്ന് പറയും. (39) വാക്കുകളുടെ പ്രയോഗത്തിലും സ്വന്തമായ ഒരു ബുദ്ധിജീവി ശൈലി വാർത്തെടുക്കാൻ സിനിമ ടിവി കണ്ട് കോപ്പിയടിക്കുന്നത് വളരെ സഹായകമായിരിക്കും. (40) ഗഹനമല്ലെങ്കിലും ഗഹനമായ കാര്യങ്ങളാണ് ലാഘവത്തോടെ പറയുന്നത് എന്ന് ശ്രോതാക്കളെ ബോധ്യപ്പെടുത്തിയാൽ കുറേ ആരാധകവൃന്ദത്തെ ഉണ്ടാക്കിയെടുക്കാൻ സാധിക്കും. (41) ആരാധക വൃന്ദത്തെയും ഫാനുകളേയും ഉണ്ടാക്കിയെടുത്താൽ പിന്ന് ബുദ്ധിജീവി പഥത്തിൽ ക്ളേശം വളരെക്കുറവാ



Scanned with CamScanner

യിരിക്കും. (42) പ്രസംഗവേളയിൽ ഉയർത്തേണ്ടവനെ ഉയർത്താനും (പ്രതികരിക്കില്ലെന്നുറപ്പുണ്ടെങ്കിൽ) തറയാക്കേണ്ടവനെ തറയിലേക്കെറിയാനും ബുദ്ധിജീവിക്കു കഴിയണം. (43) പ്രസംഗവേളയിലും രചനാവേളയിലും വിഷയവുമായി ബന്ധപ്പെട്ട് ഒന്നോ രണ്ടോ വ്യക്തികളുടെ - അവർ ഇന്ത്യാക്കാരാണെങ്കിലും വിദേശിയാണെങ്കിലും - നന്മതിന്മകളുടെ മൂന്നുനാലും കാര്യങ്ങൾ അറിഞ്ഞിരിക്കണം. സദസു നോക്കി നന്മകളെ / തിന്മകളെ അസന്നിഗ്ദ്ധമായി, ആ വ്യക്തിയെക്കുറിച്ച് പൂർണവിവരമറിയാവുന്നവനാണ് ഞാൻ എന്ന രീതിയിൽ പ്രസംഗിക്കാം. (43) ഇന്ത്യാക്കാരനാണ് വിഷയത്തിൽ വരുന്നതെങ്കിൽ അവനെക്കുറിച്ച് എത്ര തറയായിട്ടും പ്രസംഗിക്കാം. വിദേശിയാണെങ്കിൽ അൽപം മാന്യത പുലർത്തുന്നുണ്ടെന്ന് സദസിനും വായനക്കാർക്കും തോന്നണം. (44) പ്രതികരണശേഷിയുള്ള ജനങ്ങൾക്ക് ഓർമ്മശക്തി വളരെക്കുറവാണെന്നോർക്കണം. ഓർമ്മശക്തിയുള്ളവർ കാര്യമായി പ്രതികരിക്കുകയുമില്ലെന്നറിയണം. (45) പരസ്പര വിരുദ്ധമായി ഒരേ സ്ഥലത്തോ, വിവിധ സ്ഥലങ്ങളിലോ പറയേണ്ടിവന്നാൽ, അത് ശാശ്വതസത്യത്തിന്റെ രണ്ടുവശങ്ങളാണെന്ന്, മുഖത്ത് വികാരം വരുത്തി കൊണ്ട് പ്രഖ്യാപിക്കണം (നിങ്ങൾ, ഞാൻ പ്രതീക്ഷിക്കുന്ന അത്രക്ക് ഉയരാത്തതിനാലാണ് എന്റെ വരികൾ പരസ്പരം വിരുദ്ധമായി തോന്നുന്നത് എന്ന വികാരമാണ് മുഖത്തുണ്ടായിരിക്കേണ്ടത്). (46) പ്രസംഗത്തിലും സംസാരത്തിലും "....... 1936 ൽ ജനുവരി 27-ാം തീയതിയാണെന്നാണെന്റെ ഓർമ്മ..... ഇന്ന വ്യക്തി ബോംബെയിൽ വച്ച് പ്രസംഗിച്ച വരികൾ ഞാനിപ്പോഴും ഓർക്കുന്നു...... ! "എന്നതുപോലെയുള്ള സമാനവരികൾ പ്രയോഗിക്കണം. ബുദ്ധിജീവിയുടെ ഓർമ്മശക്തിക്ക് തെളിവായി സദസ്സത് അംഗീകരിക്കും. (47) തനിക്ക് സാധിക്കാത്തതോ യോജിക്കാത്തതോ ആയ സ്ഥാനമാനങ്ങൾ ജീവിതത്തിൽ ഏതെങ്കിലും കാരണം കൊണ്ട് ത്യജിക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ...... ഞാനത് പുല്ലുപോലെ വലിച്ചെറിഞ്ഞു എന്ന് നിർവികാരനായി ശാന്തഭാഷയിൽ പറയണം. അംഗീകാരം നേടണം - (ത്യാഗവും ചെയ്യാനറിയാവുന്നയാളാണെന്ന അംഗീകാരമാണ് ഇത്തരുണത്തിലാവശ്യമെങ്കിൽ) (48) പത്രമാധ്യമങ്ങളിലൂടെയുള്ള വിവരം ലഭിച്ചതനുസരിച്ച് ചില വ്യക്തിയേയോ സ്ഥാപനത്തേയോ ജനങ്ങളിൽ ചിലർ/ശ്രോതാക്കൾ വെറുക്കാൻ സാധ്യതയുണ്ടെന്ന് അറിവു ലഭിച്ചാൽ, അയാൾക്കിട്ട് പ്രസംഗമധ്യേ രണ്ടുമൂന്നു കുത്തുകൂടി കൊടുക്കാൻ ഓർമ്മിക്കണം.... ഇപ്രകാരം ചെയ്യുമ്പോൾ അയാൾ എന്റെ സുഹൃത്താണെങ്കിൽ പോലും എന്ന മുഖവുര കൊടുത്തുവേണം കുത്താൻ (സ്ഥലവും കാലവും വ്യക്തിയുടെ ആരാധകരില്ലാത്ത അവസ്ഥയും നോക്കിവേണം ഇപ്രകാരമുള്ള സാഹസത്തിനൊരുമ്പെടാൻ. (49) ലോകസംഭവങ്ങൾ ബുദ്ധിജീവിയായ ഞാൻ വിലയിരുത്തുന്നുണ്ടെന്ന് ശ്രോതാക്കളെ ബോധ്യപ്പെടുത്താൻ



Scanned with CamScanner

അമേരിക്കയിലെ ചിക്കാഗോവിൽ നടന്നത്, ഇറാക്കിൽ നടന്നത്, കുവൈറ്റ് അധിനിവേശം, എത്യോപ്യൻ പ്രശ്നം ഇതെല്ലാം ഇടക്ക് ദുഃഖഭാരത്തോടെയും പ്രതിഷേധസ്വരത്തിലൂടെയും വിവരിക്കണം. കാശ്മീരിലെ കൂട്ടക്കൊലയോ, പൂർവ്വോത്തരഭാരതത്തിലെ നഗ്നമായ ദേശവിരുദ്ധപ്രവർത്തനമോ സൂചിപ്പിക്കുകപോലുമരുത്. (50) രണ്ടാമതു വിവരിച്ചതുപോലുള്ള വിഷയങ്ങൾ ആരെങ്കിലും എടുത്തിട്ടാൽ ....... തനിക്കെന്തറിയാം ..... എന്റെ സുഹൃത്ത് 127 ദിവസം കാശ്മീരിലും/നാഗാലാന്റിലുമുണ്ടായിരുന്നു. കേരളത്തേക്കാൾ ശാന്തമാണീ സ്ഥലം എന്ന് സംശയം ജനിപ്പിക്കാത്തവിധം വ്യക്തമാക്കണം. (51) ഭാരതത്തിൽ എന്തു പ്രശ്നമുണ്ടായാലും അത് ഭൂരിപക്ഷ വർഗീയത കൊണ്ടാണ് എന്ന് അക്കമിട്ടു നിരത്തുമ്പോൾ, ഭാരതത്തിലെ പല ഗ്രാമങ്ങളുടേയും പേരു പറഞ്ഞ് (അവിടെ ഒരു പ്രശ്നമുണ്ടായിട്ടില്ലെങ്കിലും) വിരൽകൊണ്ടെണ്ണുന്നതുപോലെ അഭിനയിച്ച് പ്രശ്നങ്ങളെക്കുറിച്ച് സമർത്ഥിക്കുന്നതാണ് ബുദ്ധി ജീവിയുടെ പ്രധാനലക്ഷണങ്ങളിലൊന്ന്. (52) ന്യൂനപക്ഷവർഗീയതയെക്കുറിച്ചു പറയേണ്ടിവന്നാൽ ഒരു ശാസ്ത്രജ്ഞന്റെ മുഖഭാവത്തോടെ പ്രഖ്യാപിക്കണം. "ഭൂരിപക്ഷ വർഗീയതയാണിതിനും കാരണമെന്ന്". (53) സത്യത്തിന്റേയും ധർമ്മത്തിന്റേയും നീതിയുടേയും ന്യായത്തിന്റേയും കൂടെയാണ് താനെന്നും, സ്വാതന്ത്ര്യസമരക്കാലം മുതൽക്ക് തന്റെ മാതാപിതാക്കളിൽ നിന്ന് തനിക്കുകിട്ടിയ ഏറ്റവും വലിയ അനുഗ്രഹവുമതാണെന്നും വികാരതീവ്രതയോടെ ശാന്തഗംഭീരമായി പറയാൻ പഠിക്കണം. (54) കായംകുളം കൊച്ചുണ്ണിയോ, വീരപ്പനോ ആണ് ഗുരുസ്ഥാനത്തിനുതകുന്നതെങ്കിലും ഗുരുവിന് മറ്റൊരു നല്ലപേര് കൊടുത്ത് ആ ഗുരുവിൽ നിന്ന് പഠിച്ചത് തന്റെ രക്തത്തിലുണ്ടെന്നും കണ്ണടമാറ്റി കണ്ണുതുടച്ചുകൊണ്ടു പ്രസംഗവേദിയിൽ അഭിനയിക്കാൻ പരിശീലിക്കണം. (55) പത്രങ്ങളും മാധ്യമങ്ങളുമാണ് ഓരോരുത്തനേയും "......... മാളികമുകളിലേറിയ .............." അതുകൊണ്ട് പത്രസമ്മേളനം, പത്രപ്രവർത്തകരുമായുള്ള പ്രത്യക്ഷ-പരോക്ഷ ബന്ധം, ഇടയ്ക്കൊരു ആഹ്ളാദം പങ്കിടാനുള്ള ബോട്ടിൽ പ്രയോഗം. ഇതെല്ലാം മാസത്തിലൊരിക്കലെങ്കിലും വേണം. (56) പത്രക്കാർ ശ്രമിച്ചാൽ, ഒരു സുപ്രഭാതത്തിൽ നാം എല്ലാമെല്ലാമായിത്തീരാനും, ഒന്നുമല്ലാതാകാനും സാധിക്കും. ബുദ്ധിജീവികളുടെയും പുരുഷാർത്ഥങ്ങളായ ധർമ്മം-അർത്ഥം-കാമം-മോക്ഷം ഇവ നാലും സാധിക്കുന്നതിന് ബുദ്ധിയുടെ ആവശ്യമേയില്ല. നാക്കിന്റെയാവശ്യവും പത്രമാധ്യമങ്ങളെന്ന ആംപ്ലിഫെയറും മാത്രം (അതു മാത്രം) മതിയെന്നുമറിയണം. (57) ഞാൻ എളിയവനാണെന്നും, സാധാരണക്കാരിൽ സാധാരണക്കാരനാണെന്നും, തന്നെ ഈ നിലയിലേക്കുയർത്തിയത് കേരളത്തിലെ/ഭാരതത്തിലെ ജനങ്ങളാണെന്നുമുള്ള കടപ്പാട് സദസ്സുകളിലെല്ലാം വാരി വിതറണം. താൻ ജനങ്ങൾക്കുവേണ്ടി നിലകൊള്ളുന്നു



Scanned with CamScanner

എന്നു ബോധ്യപ്പെടുത്തണം. (58) പണ്ട് ബുദ്ധിജീവി ചെയ്ത തെറ്റുകൾ മനുഷ്യരുടെ സ്മൃതി മണ്ഡപത്തിൽ ഇന്നും അവശേഷിക്കുന്നു എന്നു തോന്നുന്നുണ്ടെങ്കിൽ, ഈ സമയത്താണ് ആ തെറ്റുകളേറ്റു പറഞ്ഞ് മാപ്പുചോദിക്കേണ്ടത്. പരിധിക്കപ്പുറം വിനയാന്വിതനാകാതിരിക്കാനും ശ്രദ്ധിക്കണം. നല്ലതും കാലത്തിനൊത്തമാറ്റവും സ്വീകരിക്കാൻ സാധിച്ചതുകൊണ്ടും ഈശ്വരാനുഗ്രഹംകൊണ്ടുമാണ് ഇപ്പോൾ തെറ്റുകൾ, (ഒരു ബുദ്ധിജീവിയെന്ന നിലയിൽ) തിരുത്താൻ സാധിച്ചതെന്നും പറയണം. (59) നഖശിഖാന്തം എതിർത്തിരുന്ന ഭഗവദ്ഗീത, ഉപനിഷദ് എന്നിവയിൽ നിന്ന് ഒന്നോ രണ്ടോ വരി ഉദ്ധരിണികളായി ഉപയോഗിക്കാൻ പറ്റിയ സമയം ഈ കുറ്റസമ്മതവേളയാണ്. പ്രഗത്ഭരായ വ്യക്തികൾ പറഞ്ഞതോ പറയാത്തതോ ആയ കാര്യങ്ങൾ, അവരിങ്ങിനെ പറഞ്ഞിട്ടുള്ളത് ഞാനോർക്കുന്നു എന്നും ഈ സമയത്ത് പറയാം. (60) മേൽവിവരിച്ചതെല്ലാം പരാജയപ്പെട്ടാൽ, ചങ്കൂറ്റത്തോടെ രണ്ടും കൽപിച്ച് പ്രഖ്യാപിക്കണം. "എന്റെ തെറ്റുകൾ ഞാൻ തിരുത്തുന്നു. എതിർ ചേരിയിലുള്ളവരും അവരുടെ വീക്ഷണങ്ങളും ഗ്രന്ഥങ്ങളും ശരിയാണെന്നും, അതു സ്വീകരിക്കുകയാണെന്നും കേരളജനത എന്നെ അനുഗ്രഹിക്കുമെന്നെനിക്കുറപ്പുണ്ടെന്നും, കാലഘട്ടത്തിന്റെ ആവശ്യമിതാണെന്നും, ഇന്ന ഗുരുവിന്റെ നിർദ്ദേശ പ്രകാരമാണ് ഞാൻ മാറുന്നതെന്നും പ്രഖ്യാപിക്കണം! ഇത് ചുവടുമാറ്റമല്ല, മറിച്ച് ഹൃദയമാറ്റവും മാനസാന്തരവുമാണെന്നും പറയണം. എല്ലാം സമയവും തരവും നോക്കി പറയാൻവേണ്ടി അത്യാവശ്യമായ മേൽവരികൾ മനപ്പാഠമാക്കിയേ മതിയാകൂ. (61) പത്രമാധ്യമങ്ങളിൽ നിറയാൻ മറ്റൊരു മാർഗവുമുണ്ട്. പെട്ടെന്ന് മതവിശ്വാസിയാകുക, ചന്ദനപ്പൊട്ട് - ഭസ്മം - ഇവ നെറ്റിയിൽ തൊടുക, മന്ത്രങ്ങളുച്ചരിക്കുക. ഈശ്വരവിശ്വാസം പ്രസംഗത്തിൽ ചേർക്കുക, 'ആൾദൈവങ്ങളുടെ' അടുത്തു ചെല്ലുക. (ഭാര്യക്കുവേണ്ടിയാണെന്ന് ഈ സമയത്ത് പറയരുത്), സന്യാസിമാരുടെ അടുത്ത് തലകുനിഞ്ഞിരിക്കുന്നതുപോലെ അഭിനയിക്കുക. ഗുരുഭൂതന്മാരുടെ വരികളുദ്ധരിക്കുക........ (യഥാർത്ഥ വിശ്വാസത്തോടെ ക്ഷേത്രങ്ങളിലും ആശ്രമങ്ങളിലും ബുദ്ധിജീവികൾ പോകുമ്പോൾ, പത്രക്കാർ ചോദിക്കുന്ന വേളയിലാണ് ഭാര്യക്കുണ്ടി മകൾക്കുവേണ്ടി എന്നെല്ലാം പറഞ്ഞ് തടിയൂരേണ്ടത്) (62) ഹിന്ദുക്കളുടെയിടയിൽ സ്ഥാനമില്ലാതെ മറ്റൊരുഗതിയുമില്ലാത്ത അവസ്ഥ വരുമെന്ന സംശയം തോന്നിയാൽ ക്രിസ്ത്യാനികളും, മുസ്ലീമുകളും മതസൗഹാർദ റാലി നടത്താനും സുവിശേഷ-മത പ്രസംഗം ഉത്ഘാടനം ചെയ്യിക്കാനും ഹിന്ദുപേരും ജാതിയുടെ വാലുമുള്ളവനെ അന്വേഷിച്ചു നടക്കുന്ന കാലഘട്ടമായതിനാൽ അത്തരത്തിലുള്ള മേച്ചിൽ സ്ഥലങ്ങൾ സകൗര്യപ്രദമായിനേരത്തേ തെരഞ്ഞുവയ്ക്കണം. അവിടെ പ്രസംഗത്തിനും ആശംസകളർപ്പിക്കുന്നതിനും അറിവു വേണമെന്ന് തീരെ



Scanned with CamScanner

നിർബന്ധമില്ല. ചോദ്യം ചെയ്യാതെ വിശ്വസിക്കാൻ പഠിച്ചവരും പഠിപ്പിച്ചവരും നിറഞ്ഞിരിക്കുന്ന സദസ്സായിരിക്കുമത്. ബൈബിളിലെയും ഖുറാനിലേയും രണ്ടോ മൂന്നോ വരികളുദ്ധരിക്കാൻ പഠിക്കണമെന്നേയുള്ളൂ. എന്നിട്ട് മദർ തെരേസയെ ഉയർത്തുക, പരുമല തിരുമേനിയേയോ ഗോവയിലെ സെന്റ് സേവ്യറേയോ (ഗോവയിലെ 485 ഹിന്ദു ക്ഷേത്രങ്ങൾ ഒറ്റദിവസംകൊണ്ട് തകർത്ത് വിഗ്രഹത്തിൽ തുപ്പാനും ......... നിർബന്ധിച്ച അതേ പുണ്യവാളൻ) ഉയർത്തുക. ഉയർത്തുമ്പോൾ മാതാ അമൃതാനന്ദമയിയേയും, ശ്രീ സത്യസായി ബാബയേയും, ശ്രീ രവിശങ്കർജിയേയും പുച്ഛിച്ച് സംസാരിക്കുക, കുത്തുവാക്കുകളുപയോഗിച്ച് പരിഹസിക്കുക. ഇന്നത്തെ കേരളാ മോഡൽ ബുദ്ധിജീവികൾ പലരും പയറ്റി തെളിഞ്ഞ ഒരു മാർഗമാണിതെന്ന് ഓർക്കുമല്ലോ. അവരുടെ ജീവരക്തമാണിതെന്നും അറിഞ്ഞ് അവർക്ക് ഗുരുദക്ഷിണവച്ച് പ്രയോഗിക്കുകയാണുത്തമം. (63) 62 വിദ്യകളും പരാജയപ്പെട്ടാൽ ഒരു പുസ്തകമെഴുതി ബുദ്ധിജീവിയാകാം. പണ്ടുപറഞ്ഞതിനെ എതിർത്തുകൊണ്ടും പുതിയ സിദ്ധാന്തങ്ങൾ അവതരിപ്പിച്ചുകൊണ്ടും എഴുതുക. അല്ലെങ്കിൽ പണ്ട് എഴുതിയതിനെ ഏതെങ്കിലും പത്രപ്രവർത്തകന്റെ സഹായത്താൽ ചർച്ചാവിഷയമാക്കുക. 50-60 പേജുകളുള്ള ഒരു പുസ്തകമെഴുതാൻ ഒരു വിഷമവുമുണ്ടാകില്ല. ഏതെങ്കിലും ഒരു പാശ്ചാത്യൻ പണ്ടെങ്ങാണ്ടോ എഴുതിയ പുസ്തകത്തിലെ ടൈറ്റിൽ മാറ്റി സംക്ഷിപ്തമെഴുതാം, അതിലെ ഓരോ അദ്ധ്യായവും അതേ പേരുകൊടുത്ത് പുതിയ പുസ്തകമാക്കിയെഴുതാം. അർത്ഥമൊന്നു മറിഞ്ഞുകൂടെങ്കിലും പല സുവിശേഷകരും ചെയ്യുന്നതുപോലെ നാലോ അഞ്ചോ സംസ്കൃതവരികളും കൂട്ടിച്ചേർത്ത് ഒറിജിനൽ ആക്കാം. ജില്ലകൾ തോറും അൽപം കാശുമുടക്കിയാലും ഈ പുസ്തകത്തെക്കുറിച്ച് ചർച്ചാ സമ്മേളനങ്ങൾ വയ്പ്പിക്കുക. മറ്റു ജീവികളുടെ സഹായത്തോടെ പുസ്തകം ജനമധ്യത്തിലെത്തിക്കുക..... ഇതെല്ലാം ഒരു പ്രോജക്ട് എന്നപോലെ കൈകാര്യം ചെയ്യണം. മൊബൈൽ ഫോണും, ഈ മെയിലും ഉപയോഗിച്ച് ഗ്രാമ ഗ്രാമാന്തരത്തിൽ ഈ പുസ്തകത്തെക്കുറിച്ചോ അത് എഴുതിയ ബുദ്ധിജീവിയുടെ പുതിയ വെളിപാടിനെക്കുറിച്ചോ അതിലുള്ള വീക്ഷണത്തേക്കുറിച്ചോ ചർച്ച ചെയ്യിപ്പിക്കുക. ഇതിനാവശ്യമായ ചിലവ് സ്പോൺസർഷിപ്പ് ആയി ലഭിക്കാനും, ബാനർ ഡിസ്പ്ലേക്കായി ആവശ്യപ്പെടാനും സുഹൃത്തുകളുടെ സഹായം തേടുക. ചെറിയ കമ്മിറ്റിയുണ്ടാക്കിയാൽ 60:40 റേഷ്യോയിൽ വരവ് പങ്കിട്ടെടുക്കാനും തയ്യാറായാൽ വരും തലമുറക്കുകൂടിയുള്ളതുണ്ടാക്കാം.

ദ ടാവോ ഓഫ് ഫിസിക്സ്, സെൽഫ് അവേയർ യൂണിവേഴ്സ്, ബിയോണ്ട് ദി വേൾഡ് ഓഫ് ഓപ്പോസിറ്റ് എന്ന പുസ്തകങ്ങളുടെ അധ്യായം മാത്രം അതേപടി പുസ്തകമാക്കിയോ, ആ പുസ്തകത്തെ കേന്ദ്രീകരിച്ചെഴുതിച്ചോ, ഈശ്വരൻ നൽകിയ മനുഷ്യജന്മം പല ചവി



Scanned with CamScanner

ട്ടുനാടകങ്ങളും കളിച്ച് ബുദ്ധിജീവിയായി തുടങ്ങാനും വളരാനും അവസാനം ചത്തുപോകുംവരെ ജനഹൃദയങ്ങളിൽ "ശ്രേഷ്ടന്മാരുടെ സ്ഥാനത്തിരിക്കാനുമുള്ള യോഗ്യതയും തൊലിക്കട്ടിയുമുണ്ടെന്ന്തെളിയിക്കാനും സാധിച്ചാൽ അതൊരു നേട്ടമാണ്. ഭാര്യക്കും മക്കൾക്കും സ്വാതന്ത്ര്യസമരപെൻഷനെങ്കിലും ഇക്കാലത്ത് ഒപ്പിക്കണം. വിധവാ പെൻഷൻ അനുവദിപ്പിക്കാൻ സാധിച്ചില്ലെങ്കിലും!

(64) സിന്റിക്കേറ്റംഗങ്ങൾ, സെനറ്റംഗങ്ങൾ, വിദ്യാർത്ഥി-അധ്യാപക-തൊഴിലാളി-തൊഴിൽ രഹിത -വനിത-ന്യൂനപക്ഷ-സംഘടനകളുടെ ഭാരവാഹികളുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കണം. (65) സമകാലിക പ്രസക്തിയുള്ളതെന്നു തോന്നുന്ന സംഭവങ്ങൾ മുതലെടുക്കാൻ പറ്റുന്നത് പത്രമാധ്യമങ്ങളിലൂടെ വരുത്തുന്നതിന് പ്രതികരിച്ചുകൊണ്ടേയിരിക്കണം. പത്രക്കുറിപ്പുകളെഴുതിയയക്കണം. (67) യാത്ര ചെയ്യുന്ന വേളയിൽ അതാതു ജില്ലയിലെത്തുമ്പോൾ പരിചയമുള്ള ജില്ലയിലെ പത്രപ്രവർത്തകരുമായി ബന്ധപ്പെട്ടുകൊണ്ടേയിരിക്കണം. (68) ഇടക്ക്, അനാഥാലയം, പള്ളികൾ, മദ്രസ, ബിഷപ്ഹൗസ്, പത്രമാപ്പീസ് എന്നിവയിലേയ്ക്ക് സുഹൃത്തുക്കളുമായി കടന്നു ചെല്ലണം. ക്ഷേമാന്വേഷണം നടത്തണം. സാധിക്കുമെങ്കിൽ ചെറിയ സംഭാവന നൽകി വാർത്തയാക്കണം. (69) അവാർഡു കമ്മിറ്റിയിലംഗമാകാനും, അവാർഡു ലഭിച്ചാൽ അതൊരു സുഖമാണെന്നും, വ്യംഗ്യാർത്ഥത്തിൽ അറിയിക്കേണ്ടവരെ അറിയിക്കേണ്ട വിധത്തിൽ അറിയിക്കണം. അവാർഡു നൽകുന്നവരുടെ തീരുമാനങ്ങൾ തെറ്റാണെങ്കിലും അടുത്ത കമ്മിറ്റിയിൽ അല്ലെങ്കിൽ മറ്റേതെങ്കിലും കമ്മിറ്റിയിൽ അവർ വരാൻ സാധ്യതയുണ്ടെങ്കിൽ, അവരെ ശക്തിയുക്തം ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും ന്യായീകരിക്കണം. (70) വയസുകാലത്ത് ഇതൊക്കെ എന്തിനാണെന്ന് ചോദിക്കണം. അവാർഡിനുവേണ്ടിയല്ല എന്റെ പ്രിയ ജനങ്ങൾക്കുവേണ്ടിയാണ്, എന്റെ സംസ്കാരത്തെ പോഷിപ്പിക്കാനാണ് / ഇതെന്റെ ധർമ്മം മാത്രമാണ്/ എന്നെക്കാൾ കൂടുതൽ അവാർഡിനർഹരായവരുണ്ട്/ ഞാൻ വെറുമൊരു സാധാരണക്കാരൻ/ ... എന്നീ പദങ്ങൾ അവാർഡു ലഭിക്കാൻ സഹായകമായിരിക്കുമെന്നതിനാൽ ഇടക്കിടക്ക് പ്രയോഗിക്കാൻ പഠിക്കണം.

•

അനന്തമായ വികസന സാധ്യതയുള്ള പ്രകടനപത്രികയാണ് ബുദ്ധിജീവികൾക്കുള്ളത് എന്നതിനാൽ ചില പ്രായോഗിക സൂചനകൾ കൂടി നൽകി ഈ ലേഖനം അവസാനിക്കാം.

**പ്രായോഗിക സൂചനകൾ :** (71) ദേശീയ പതാക താഴ്ത്തി മുസ്ലീം ലീഗ് പതാക കേരളത്തിലുയർത്തിയപ്പോൾ പ്രതികരിക്കേണ്ടതില്ല എന്ന അനുഭവം സ്മരണയിലുണ്ടാകണം. (72) മലപ്പുറത്തും സമീപപ്രദേശങ്ങളിലും നടക്കുന്ന ദേശദ്രോഹ പ്രവർത്തനങ്ങൾ ന്യൂനപക്ഷങ്ങൾ നടത്തിയാൽ അതവരുടെ ജന്മാവകാശമാണ് എന്ന രീതിയിൽ സംസാ



Scanned with CamScanner

രിക്കണം. (73) മരിച്ചത് ഹിന്ദുക്കളായാൽ പച്ചക്ക് വെട്ടിക്കൊന്നവനെ ന്യായീകരിക്കാനും കൊന്നവന്റെ കുടുംബങ്ങൾക്ക് പോലീസ് സംരക്ഷണം ആവശ്യപ്പെടാനും ആയുധം സൂക്ഷിച്ച ആരാധനാലയം. ഉടനെ വിട്ടുകൊടുക്കണമെന്നു പറയാനും പഠിക്കണം. രണ്ടുമൂന്നു മാസത്തേക്ക് സൗജന്യ റേഷൻ കൊന്നവന്റെ വീട്ടുകാർക്ക് ലഭ്യമാക്കണം. (74) 180 കോടി രൂപയുടെ ഹവാല പണത്തെക്കുറിച്ച് യാതൊരക്ഷരവും മിണ്ടാതിരിക്കാനും പഠിക്കേണ്ടതുണ്ട്. (75) തീവ്രവാദിയെ (ന്യൂനപക്ഷക്കാരനാണെങ്കിൽ) ജയിലിൽ നിന്ന് മോചിപ്പിക്കണോ എന്ന് നിയമം കൈകാര്യം ചെയ്യുന്നവർ ചോദിച്ചാൽ, ഞങ്ങൾ ബുദ്ധിജീവികൾക്ക് പ്രത്യേകം അഭിപ്രായമില്ല എന്നും നിയമം അതിന്റെ വഴിയിലൂടെ പോകട്ടെയെന്നും (ഇലക്ഷൻ അടുത്തിട്ടുണ്ടെങ്കിൽ) പറയണം. ഹിന്ദു തീവ്രവാദിയാണെങ്കിൽ നേരെ മറിച്ചും പറയണം. (76) നെറ്റിയിൽ ഒരു വലിയ കുങ്കുമം, ചന്ദനം, ശാന്തമെന്നഭിനയിക്കുന്ന മുഖഭാവം, കൈയ്യിൽ കെട്ടിയ ചുവന്ന ചരട്, ഭാരതീയ പൈതൃകം അ മുതൽ ക്ഷ വരെ സംരക്ഷിക്കുന്നത് ഞാനാണ് എന്ന മുഖഗാംഭീര്യം, നിനക്കൊക്കെ എന്തറിയാമെന്ന നോട്ടം, ഇതാണ് പക്കാ ഹിന്ദുബുദ്ധിജീവിയുടെ ലക്ഷണം. ഹിന്ദുധർമ്മത്തെക്കുറിച്ച് എന്തെങ്കിലും വായിക്കണമെന്നോ അറിയണമെന്നോ പഠിക്കണമെന്നോ ഒരു നിർബന്ധവും ഇല്ലാത്ത ടൈപ്പ് ബുദ്ധിജീവികളാണീ വർഗത്തിൽപെടുന്നവർ. ഹിന്ദുധർമ്മസംരക്ഷണം ഹോൾസെയിലായും റീട്ടെയിലായും ഇവരുടെ കുത്തകയാണ്. (77) ക്ഷേത്രങ്ങളിൽ കള്ളു നിവേദിക്കുകയും മൃഗബലി നടത്തുകയും ചെയ്യുന്ന ദുരാചാരത്തെ പരോക്ഷമായി പിന്താങ്ങേണ്ടത്, ഹിന്ദുവിനെ ഈ സംഭവങ്ങളുപയോഗിച്ച് ആവശ്യമുള്ളപ്പോൾ പ്രഹരിക്കാൻ സഹായകമാണെന്നറിയണം. (78) കൽക്കട്ട കാളിക്ഷേത്രത്തിലെ നികൃഷ്ടമായ മൃഗബലി ഹിന്ദുവിന്റെ വികാരമായതിനാലാണ് തടയാത്തത് എന്ന് പറഞ്ഞ്, ആവശ്യം വരുമ്പോഴെല്ലാം ഇതിനെതിരെ അട്ടഹസിച്ച് ഹിന്ദു ആചാരങ്ങളെ അവഹേളിക്കണം. (79) നിരക്ഷരരാണെങ്കിലും അറബി ഉർദു അധ്യാപകർക്കും മുല്ലാക്കക്കും, മുക്രിക്കുമെല്ലാം പെൻഷൻ വിതരണവേളയിൽ ആശംസകളർപ്പിക്കാൻ അവസരമുണ്ടാക്കണം. (80) അടുത്ത ജന്മമുണ്ടെങ്കിൽ ഒരു മുസൽമാനായി ജനിക്കണമെന്ന് മുസ്ലീം സദസിലും, ക്രിസ്ത്യാനിയായി ജനിക്കണമെന്നാണാഗ്രഹമെന്ന് ക്രിസ്ത്യൻ സദസിലും വികാരതീവ്രതയോടെ പറയണം. (81) ഹിന്ദുവിനെ, ഏതു ക്രിസ്ത്യാനി അവഹേളിച്ചാലും, മതം മാറ്റിയാലും അതു ന്യായീകരിക്കണം, മറിച്ചായാൽ ശ്കതിയായി പ്രതികരിക്കണം. (82) പള്ളിയിലെ അച്ചനേയോ, മൗലവിയേയോ അവരുടെ മതക്കാരുതന്നെ കൊന്നാൽ ഒരക്ഷരം മിണ്ടരുത്. ഹിന്ദുവിന്റെ കാര്യത്തിലാണെങ്കിൽ എന്താണ് ചെയ്യേണ്ടതെന്നറിയാമല്ലോ. (83) കന്യാസ്ത്രീയുടെ ശരീരത്തിൽ ഒരു ഇല വീണാൽ അതിശക്തമായി സിംഹത്തെപോലെ ഹിന്ദുവർഗീയതയ്ക്കെതിരെ പ്രതികരിക്കണം. (84) ഹിന്ദു



Scanned with CamScanner

ക്കൾ യോജിക്കുന്നു എന്നറിഞ്ഞാൽ ഏതു രീതിയിലും എതിർക്കണമെന്നറിയണം. പ്രതികാരം തീർക്കുന്നതുപോലെ പ്രസംഗിച്ച് ആ യോജിപ്പില്ലാതാക്കിയില്ലെങ്കിൽ സ്ഥാനം തകർന്നുപോകുമെന്നോർമ്മവേണം. (85) വർക്കല ആശ്രമം പോലെ ഹിന്ദുക്കളുടെയേതെങ്കിലും സ്ഥാപനം സർക്കാരെടുത്താൽ ഒന്നുകിൽ ന്യായീകരിക്കണം. അല്ലെങ്കിൽ മൗനമാണുത്തമം. ന്യൂനപക്ഷത്തിന്റെ സ്ഥാപനമെടുക്കുമെന്ന് കിംവദന്തി വരുത്തുകയോ അവരുടെ സ്ഥാപനങ്ങളുടെ എണ്ണമെടുക്കുകയോ ചെയ്താൽ അതിനെതിരെ ആത്മഹത്യാ സ്ക്വാർഡുകളുണ്ടാക്കുന്നതായി അഭിനയിക്കണം. (86) പത്രക്കാരെ മുസ്ലീം ലീഗുകാർ തല്ലിയതിന് ഹിന്ദു പോലീസുകാരെ സസ്പെന്റ് ചെയ്തത് ന്യായീകരിക്കാൻ തൊലിക്കട്ടിയുണ്ടാക്കണം. (87) സ്കൂളിൽ പൈതൃകം പഠിപ്പിക്കാൻ തീരുമാനിച്ച് 1: 1: 1 എന്ന് ഹിന്ദു ക്രിസ്ത്യൻ മുസ്ലീമിന് വീതിച്ച് ഭാരതത്തിലേക്കു നടന്ന മുസ്ലീം ക്രിസ്ത്യൻ ആക്രമണം ദൈവാനുഗ്രഹമാണെന്ന് പറയണം, അതിന്റെ നന്മകൾമാത്രം ചേർക്കണം. (88) മതം നോക്കി സ്ഥാനാർത്ഥിയെ നിർത്തുമ്പോൾ സ്ഥാനാർത്ഥി ഹിന്ദുവല്ലെങ്കിൽ / ഹിന്ദുവിനെ പുച്ഛിക്കുന്ന ഹിന്ദുവാണെങ്കിലും അവിടെ ചെന്ന് അനുഗ്രഹിക്കുന്ന ഫോട്ടോ പത്രത്തിൽ വരുത്തണം. (89) തന്റെ ആരാധകർ പൊതുസ്വത്തു നശിപ്പിച്ചാൽ, സ്വാതന്ത്ര്യ സമരക്കാലത്തും നശിപ്പിച്ചിട്ടുണ്ടെന്നു പറയണം. (90) തന്റെ അനുയായികൾ പോലീസിനെ തല്ലിയാൽ അനുമോദിക്കാൻ മടിക്കരുത്. ഞങ്ങൾ ജനങ്ങൾക്കുവേണ്ടി പ്രതികരിച്ചതാണിത് എന്നു പറയണം. (91) തന്റെ പിൻഗാമികൾ നടത്തുന്ന ഉപരോധം, ഹർത്താൽ ഇതൊക്കെ ജനനന്മയ്ക്കാണെന്നു പ്രഖ്യാപിക്കണം. മറ്റുള്ളവർ നടത്തിയാൽ മറിച്ചും പറയണം, എതിർക്കണം. (92) ഇത്രയും മാർഗനിർദ്ദേശങ്ങൾ ആവശ്യമായത്, ആവശ്യമായ തിരുത്തലുകൾ വരുത്തി, ആവശ്യമുള്ളപ്പോൾ പ്രയോഗിക്കാൻ സാധിക്കേണമെന്ന് ദൈവത്തോടും നേതാവിനോടും പ്രാർത്ഥിക്കാൻ മറക്കരുത്. (93) നിരീശ്വരവാദികളും, രാഷ്ട്രീയക്കാരും, ബുദ്ധിജീവികളും ഭരിക്കുന്ന ക്ഷേത്രങ്ങളിലെ മതപ്രസംഗത്തിന് ഇടക്കൊരു പ്രാവശ്യം പങ്കെടുത്ത് താൻ ഹിന്ദുവിരുദ്ധനല്ല എന്ന് തോന്നിപ്പിക്കണം. അതു ജീവിതത്തിന്റെ അന്ത്യഘട്ടത്തിലെ ആവശ്യത്തിനുപകരിക്കും. (94) ബുദ്ധിജീവിയാകാൻ പൂർവജന്മപുണ്യമോ; വലിയവരുടെയും ഗുരുക്കന്മാരുടേയും അനുഗ്രഹങ്ങളോ, ജാതകഫലമോ അല്ല വേണ്ടത്. കണ്ണ് - ചെവി - നാക്ക് എന്നിവ സ്ഥാനത്തും അസ്ഥാനത്തും പ്രയോഗിക്കാനുള്ള കഴിവ്, തൊലിക്കട്ടി, പറ്റിയ കൂട്ടുകെട്ട്, ജനങ്ങളുടെ പരിഹാസം-ശാപം-കേൾക്കാനുള്ള നല്ലമനസ്സ്. ഇത്രയുമുണ്ടെങ്കിൽ, ദൈവം അനുഗ്രഹിച്ചു നൽകിയ ഒരു മനുഷ്യജന്മം മുഴുവനും അവനവനൊഴിച്ച് മറ്റാർക്കും പ്രയോജനമില്ലാത്ത ഒരു ബുദ്ധിജീവിയായി വിലസാം.

•



Scanned with CamScanner

**ഓരോ ഗൃഹാന്തരീക്ഷത്തിലും, ക്ഷേത്രത്തിലും സമ്പൂർണ വേദധ്വനികൾ പ്രസരിക്കട്ടെ**

മഴുവഞ്ചേരി മഹാദേവക്ഷേത്രത്തിലെ പ്രതിവർഷ മഹാശിവരാത്രി തീർത്ഥാടന പ്രസാദമായി, സമ്പൂർണ വേദങ്ങളുടെ ഡിജിറ്റലൈസ് ചെയ്ത സിഡികൾ പ്രചരിപ്പിക്കുന്നു.

| |
|---|
| **സമ്പൂർണ ഋഗ്വേദം**<br>(Rigveda - 4 MP3 CDs - Rs. 400) |
| **സമ്പൂർണ ശുക്ലയജുർവേദം**<br>(Sukla Yajurveda - 4 MP3 CDs - Rs. 400) |
| **സമ്പൂർണ കൃഷ്ണ യജുർവേദം**<br>(Krishna Yajurveda - 4 MP3 CDs - Rs. 400) |
| **സമ്പൂർണ സാമവേദം**<br>(Samaveda - 4 MP3 CDs - Rs. 400) |
| **സമ്പൂർണ അഥർവവേദം**<br>(Atharvaveda - 2 MP3 CDs - Rs. 200) |

The first 1000 orders of full set will be available for **Rs. 1500** only / ആദ്യത്തെ 1000 സെറ്റിന് 1500 രൂപയ്ക്ക് ലഭ്യമാണ്. ഓരോ വേദവും ഓരോ DVD യായും ലഭ്യമായിരിക്കും.